കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# അവശ്യസാധനങ്ങൾ ആക്റ്റ്, 1955

**(1955-ലെ 10)**

(11-11-1975-ൽ നിലവിലുള്ള പ്രകാരം)

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്

1976

വില: [illegible]0 - 25

കേന്ദ്ര ഗവൺമെ
നിയമ ന്യായ കമ്പനി മ[illegible]റ്റ്, 1955

# അവശ്യസാധനങ്ങൾ
# ആക്റ്റ്, 1955

(1955-ലെ 10)

(11-11-1975-ൽ നിലവിലുള്ള പ്രകാരം)

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്

1976

[illegible]0-25

കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# അവശ്യസാധനങ്ങൾ ആക്റ്റ്, 1955

(1955-ലെ 10)

പൊതുജന താത്പര്യങ്ങൾക്കുവേണ്ടി, ചില സാധനങ്ങളുടെ ഉത്പാദനവും സംഭരണവും വിതരണവും വ്യാപാരവും വാണിജ്യവും നിയന്ത്രിക്കുന്നതിന് വ്യവസ്ഥ ചെയ്യാനുള്ള ആക്റ്റ്.

[1955 ഏപ്രിൽ 1]

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ ആറാം സംവൽസരത്തിൽ പാർലമെന്റ് താഴെ പറയുംപ്രകാരം അധിനിയമം ചെയ്തിരിക്കുന്നു:—

1. ചുരുക്കപ്പേരും വ്യാപ്തിയും.— (1) ഈ ആക്റ്റിന്, അവശ്യസാധനങ്ങൾ ആക്റ്റ്, 1955 എന്ന് പേർ പറയാവുന്നതാണ്.

(2) ഇത് ഇൻഡ്യ മുഴുവൻ വ്യാപിക്കുന്നതാകുന്നു.

2. നിർവചനങ്ങൾ.—ഈ ആക്റ്റിൽ, സന്ദർഭം മററുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(ക) ''അവശ്യസാധനം'' എന്നാൽ താഴെ പറയുന്ന തരം സാധനങ്ങളിൽ ഏതെങ്കിലും എന്നർത്ഥമാകുന്നു:—

(i) കാലിത്തീററ, പിണ്ണാക്കുകളും മററു സാന്ദ്രീകൃത വസ്തുക്കളുമുൾപ്പെടെ;

(ii) കല്ക്കരി, കരിച്ച കല്ക്കരിയും മററു വ്യുൽപ്പന്നങ്ങളുമുൾപ്പെടെ;

(iii) മോട്ടോർവണ്ടികളുടെ ഘടകഭാഗങ്ങളും ഉപസാധനങ്ങളും;

(iv) പരുത്തിത്തുണിത്തരങ്ങളും കമ്പിളിത്തുണിത്തരങ്ങളും;

(ivക) മരുന്നുകൾ;

വിശദീകരണം.—ഈ ഉപഖണ്ഡത്തിൽ ''മരുന്നി''ന് മരുന്നുകളും കുറിക്കൂട്ടുകളും ആക്റ്റ്, 1940 (1940-ലെ 23) 3-ാംവകുപ്പ് ഖ ഖണ്ഡത്തിൽ അതിനു നല്കിയിട്ടുള്ള അർത്ഥം ഉണ്ടായിരിക്കുന്നതാണ്.

(v) ഭക്ഷണപദാർത്ഥങ്ങൾ, ഭക്ഷിക്കാവുന്ന എണ്ണക്കുരുക്കളും എണ്ണകളും ഉൾപ്പെടെ;

(vi) ഇരുമ്പും ഉരുക്കും, ഇരുമ്പിൽനിന്നും ഉരുക്കിൽനിന്നും നിർമ്മിക്കപ്പെട്ട ഉൽപ്പന്നങ്ങൾ ഉൾപ്പെടെ;

(vii) കടലാസും, പത്രക്കടലാസും, പേപ്പർ ബോർഡും, സ്ട്രാബോർഡും ഉൾപ്പെടെ;

(viii) പെട്രോളിയവും പെട്രോളിയം ഉൽപ്പന്നങ്ങളും;

(ix) അസംസ്കൃതപരുത്തി, കുരുകളഞ്ഞതോ അല്ലാത്തതോ ആയാലും, പരുത്തിക്കുരുവും;

(x) അസംസ്കൃതമായ ചണം;

(xi) കേന്ദ്രഗവൺമെൻറ് വിജ്ഞാപനം ചെയ്യപ്പെട്ട ഉത്തരവുവഴി ഈ ആക്ററിൻെറ ആവശ്യങ്ങൾക്കായി അവശ്യസാധനമായി പ്രഖ്യാപിക്കുന്നതും, ഭരണഘടന ഏഴാം പട്ടിക, ലിസ്ററ് III–ലെ 33–ാം ഉൾക്കുറിപ്പിൻെറ ബലത്തിൽ പാർലമെൻറിന് ഏത് സംബന്ധിച്ചാണോ നിയമങ്ങൾ ഉണ്ടാക്കുവാൻ അധികാരമുള്ളത്, അങ്ങനെയുള്ളതുമായ മറേറതെങ്കിലും തരം സാധനം;

(ഖ) ''ഭക്ഷ്യവിളകളി''ൽ കരിമ്പുവിളകൾ ഉൾപ്പെടുന്നു;

(ഗ) ''വിജ്ഞാപനം ചെയ്യപ്പെട്ട ഉത്തരവ്'' എന്നാൽ, ഔദ്യോഗിക ഗസററിൽ വിജ്ഞാപനം ചെയ്യപ്പെട്ട ഉത്തരവ് എന്നർത്ഥമാകുന്നു;

(ഗഗ) ''ഉത്തരവി''ൽ, അതിൻകീഴിൽ പുറപ്പെടുവിക്കുന്ന നിദേശം ഉൾപ്പെടുന്നു;

(ഘ) ''സ്റേററ് ഗവൺമെൻറ്'' എന്നാൽ, യൂണിയൻ രാജ്യക്ഷേത്രം സംബന്ധിച്ചിടത്തോളം, അതിൻെറ ഭരണകർത്താവ് എന്നർത്ഥമാകുന്നു;

(ങ) ''പഞ്ചസാര'' എന്നാൽ—

(i) കല്ക്കണ്ടം ഉൾപ്പെടെ, തൊണ്ണൂറു ശതമാനത്തിൽ കൂടുതൽ സുക്രോസ് അടങ്ങിയ ഏതെങ്കിലും രൂപത്തിലുള്ള പഞ്ചസാരയോ;

(ii) ഖണ്ഡസാരി പഞ്ചസാരയോ ബുറാ പഞ്ചസാരയോ, പിഴിഞ്ഞെടുത്ത പഞ്ചസാരയോ, പരലിൻേറയോ പൊടിയുടേയോ രൂപത്തിലുള്ള ഏതെങ്കിലും പഞ്ചസാരയോ;

(iii) വാക്വംപാൻ പഞ്ചസാര ഫാക്ററിയിൽ നിർമ്മാണപ്രക്രിയയിലിരിക്കുന്ന പഞ്ചസാരയോ അവിടെ ഉത്പാദിപ്പിക്കപ്പെടുന്ന അസംസ്കൃത പഞ്ചസാരയോ;

എന്നർത്ഥമാകുന്നു.

3. <u>അവശ്യസാധനങ്ങളുടെ ഉത്പാദനം, സംഭരണം, വിതരണം മുതലായവ നിയന്ത്രിക്കുന്നതിനുള്ള അധികാരങ്ങൾ.</u>—(1) ഏതെങ്കിലും അവശ്യസാധനത്തിൻെറ സംഭരണങ്ങൾ നിലനിറുത്തുകയോ, വർദ്ധിപ്പിക്കുകയോ ചെയ്യുന്നതിനോ, അവയുടെ നീതിപൂർവ്വകമായ വിതരണവും ന്യായവിലയ്ക്കുള്ള ലഭ്യതയും സംപ്രാപ്തമാക്കുന്നതിനോ ഇൻഡ്യയുടെ പ്രതിരക്ഷയ്ക്കോ സൈനികപ്രവർത്തനങ്ങളുടെ കാര്യക്ഷമമായ നടത്തിപ്പിനോ വേണ്ടി അവയുടെ ഉത്പാദനവും, സംഭരണവും, വിതരണവും ക്രമപ്പെടുത്തുകയോ നിരോധിക്കുകയോ ചെയ്യാൻ വ്യവസ്ഥ ചെയ്യുന്നത് ആവശ്യകമോ സമീചീനമോ ആണെന്ന് കേന്ദ്രഗവൺമെൻറിന് അഭിപ്രായമുണ്ടെങ്കിൽ, അതിന് ഉത്തരവു വഴി, അപ്രകാരം ചെയ്യാവുന്നതാണ്.

(2) (1)–ാം ഉപവകുപ്പു നല്കുന്ന അധികാരങ്ങളുടെ സാമാന്യതയ്ക്ക് ഭംഗം വരാത്തവിധത്തിൽ അതിൻകീഴിൽ ചെയ്യുന്ന ഉത്തരവിന്—

(ക) ഏതെങ്കിലും അവശ്യസാധനത്തിൻെറ ഉത്പാദനമോ നിർമ്മാണമോ, ലൈസൻസുകൾ അല്ലെങ്കിൽ പെർമിററുകൾ വഴിയോ മററു വിധത്തിലോ ക്രമപ്പെടുത്തുന്നതിനും;

(ഖ) തരിശോ കൃഷിയോഗ്യമോ ആയ ഏതെങ്കിലും ഭൂമി, അത് ഒരു കെട്ടിടത്തോട് അനുബദ്ധമായതോ അല്ലാത്തതോ ആയാലും, അതിൽ സാമാന്യമായ ഭക്ഷ്യവിളകളോ അല്ലെങ്കിൽ വിനിർദിഷ്ടമായ ഭക്ഷ്യവിളകളോ ഉണ്ടാക്കാ

നായി കൃഷിക്കു കീഴിൽകൊണ്ടുവരുന്നതിനും, മററുവിധത്തിൽ സാമാന്യമായ ഭക്ഷ്യവിളകളുടേയോ അല്ലെങ്കിൽ വിനിർദ്ദിഷ്ടമായ ഭക്ഷ്യവിളകളുടേയോ കൃഷി നിലനിറുത്തുകയോ വർദ്ധിപ്പിക്കുകയോ ചെയ്യുന്നതിനും;

(ഗ) ഏതെങ്കിലും അവശ്യസാധനം ഏതു വിലയ്ക്കാണോ വാങ്ങുകയോ വില്ക്കുകയോ ചെയ്യാവുന്നത്, ആ വില നിയന്ത്രിക്കുന്നതിനും;

(ഘ) ഏതെങ്കിലും അവശ്യസാധനത്തിന്റെ ശേഖരണമോ, പരിവഹനമോ, വിതരണമോ, വ്യയനമോ, ആർജ്ജനമോ, ഉപയോഗമോ, ഉപഭോഗമോ, ലൈസൻസുകൾ അല്ലെങ്കിൽ പെർമിററുകൾവഴിയോ മററുവിധത്തിലോ ക്രമപ്പെടുത്തുന്നതിനും;

(ങ) സാധാരണമായി വില്പനയ്ക്ക് വയ്ക്കപ്പെടുന്ന ഏതെങ്കിലും അവശ്യസാധനം വില്ക്കാതെ വയ്ക്കുന്നത് നിരോധിക്കുന്നതിനും;

(ച) ഏതെങ്കിലും അവശ്യസാധനം സ്ററാക്കിൽ വച്ചിട്ടുള്ള ഏതെങ്കിലും ആളോട്, ആ സ്ററാക്ക് മുഴുവനുമോ അല്ലെങ്കിൽ അതിന്റെ ഒരു വിനിർദിഷ്ടഭാഗമോ കേന്ദ്രഗവൺമെൻറിനോ, സ്റേററ് ഗവൺമെൻറിനോ, അല്ലെങ്കിൽ അങ്ങനെയുള്ള ഗവൺമെൻറിന്റെ ഒരു ഉദ്യോഗസ്ഥനോ, അല്ലെങ്കിൽ അങ്ങനെയുള്ള ഗവൺമെൻറിന്റെ ഒരു ഉദ്യോഗസ്ഥനോ, ഏജൻറിനോ അല്ലെങ്കിൽ ഉത്തരവിൽ വിനിർദേശിക്കുന്ന മറേറതെങ്കിലും ആൾക്കും അല്ലെങ്കിൽ തരം ആളുകൾക്കും ഉത്തരവിൽ വിനിർദേശിക്കുന്ന പരിത:സ്ഥിതികളിൽ വില്ക്കുന്നതിന്, ആവശ്യപ്പെടുന്നതിനും;

(ഛ) ഉത്തരവു ചെയ്യുന്ന അധികാരസ്ഥാനത്തിന്റെ അഭിപ്രായത്തിൽ പൊതുതാത്പര്യത്തിന് ഹാനികരമായതോ, ക്രമപ്പെടുത്തിയില്ലെങ്കിൽ ഹാനികരമാകാനിടയുള്ളതോ ആയ ഭക്ഷണപദാർത്ഥങ്ങളും, പരുത്തിത്തുണിത്തരങ്ങളും സംബന്ധിച്ച ഏതെങ്കിലും തരം വാണിജ്യപരമോ ധനപരമോ ആയ ഇടപാടുകൾ ക്രമപ്പെടുത്തുകയോ നിരോധിക്കുകയോ ചെയ്യുന്നതിനും;

(ജ) മേല്പറഞ്ഞ വിഷയങ്ങളിൽ ഏതെങ്കിലും ക്രമപ്പെടുത്തുകയോ നിരോധിക്കുകയോ ചെയ്യാനുള്ള ലക്ഷ്യത്തോടെ ഏതെങ്കിലും വിവരമോ, സ്ഥിതിവിവരക്കണക്കുകളോ ശേഖരിക്കുന്നതിനും;

(ഝ) ഏതെങ്കിലും അവശ്യസാധനത്തിന്റെ ഉത്പാദനത്തിലോ സംഭരണത്തിലോ വിതരണത്തിലോ വ്യാപാരത്തിലോ വാണിജ്യത്തിലോ ഏർപ്പെട്ടിരിക്കുന്ന ആളുകളോട്, അവരുടെ ബിസിനസ് സംബന്ധിച്ച് ഉത്തരവിൽ വിനിർദേശിക്കുന്ന ബുക്കുകളും, കണക്കുകളും, റിക്കാർഡുകളും വച്ചുപോരുകയും പരിശോധനയ്ക്ക് ഹാജരാക്കുകയും ചെയ്യുകയും അത് സംബന്ധിച്ച് ഉത്തരവിൽ വിനിർദ്ദേശിക്കുന്ന വിവരം നല്കുകയും ചെയ്യാൻ ആവശ്യപ്പെടുന്നതിനും;

(ഝ ഝ) ലൈസൻസുകളോ പെർമിററുകളോ, മററുരേഖകളോ നല്കുകയോ പുറപ്പെടുവിക്കുകയോ ചെയ്യുന്നതിനും, അതിന് ഫീസുകൾ ചുമത്തുന്നതിനും, അങ്ങനെയുള്ള ഏതെങ്കിലും ലൈസൻസിന്റേയോ, പെർമിററിന്റേയോ, രേഖയുടേയോ ഉപാധികൾ മുറപ്രകാരം നിർവഹിക്കുന്നതിനുള്ള ഈടായി, ഉത്തരവിൽ വിനിർദേശിക്കുന്ന തുക നിക്ഷേപിക്കുന്നതിനും, അങ്ങനെയുള്ള ഏതെങ്കിലും ഉപാധികളുടെ ഉല്ലംഘനത്തിന് അപ്രകാരം നിക്ഷേപിച്ച തുകയോ അതിന്റെ ഏതെങ്കിലും ഭാഗമോ കണ്ടു കെട്ടുന്നതിനും, അങ്ങനെയുള്ള കണ്ടുകെട്ടലിനെക്കുറിച്ച് ഉത്തരവിൽ വിനിർദ്ദേശിക്കുന്ന അധികാരസ്ഥാനം ന്യായനിർണ്ണയം ചെയ്യുന്നതിനും;

(ഞ) പ്രത്യേകിച്ച്, കെട്ടിടപരിസരങ്ങൾ വ്യോമയാനം ജലയാനങ്ങൾ വാഹനങ്ങൾ, അല്ലെങ്കിൽ മററു യാനങ്ങൾ ജന്തുക്കൾ എന്നിവയിൽ, അല്ലെങ്കിൽ എന്നിവയെ, പ്രവേശിക്കുകയോ ശോധനചെയ്യുകയോ പരിശോധിക്കുകയോ ചെയ്യുന്നതും, അങ്ങനെ പ്രവേശിക്കുകയോ ശോധനചെയ്യുകയോ പരിശോധിക്കുകയോ ചെയ്യുന്നതിന് പ്രാധികാരം നല്കപ്പെട്ട ഒരാൾ—

(i) ഏതു സാധനങ്ങൾ സംബന്ധിച്ചാണോ, ഉത്തരവ് ഉല്ലംഘിക്കപ്പെട്ടിട്ടുണ്ടെന്ന്, അല്ലെങ്കിൽ ഉല്ലംഘിക്കപ്പെട്ടുകൊണ്ടിരിക്കുകയാണെന്ന്, അല്ലെങ്കിൽ ഉല്ലംഘിക്കപ്പെടുവാൻ പോകയാണെന്ന് തനിക്ക് വിശ്വസിക്കുവാൻ കാരണമുള്ളത്, അങ്ങനെയുള്ള ഏതെങ്കിലും സാധനങ്ങളും, അങ്ങനെയുള്ള സാധനങ്ങൾ അകത്തുകാണപ്പെടുന്ന ഏതെങ്കിലും പൊതികളും, മൂടികളും, അല്ലെങ്കിൽ പാത്രങ്ങളും;

(ii) അങ്ങനെയുള്ള സാധനങ്ങൾ വഹിച്ചുകൊണ്ടു പോകുന്നതിന് ഉപയോഗിച്ച ഏതെങ്കിലും വ്യോമയാനമോ ജലയാനമോ വാഹനമോ മററുയാനമോ ജന്തുവോ, ഈ ആക്ററിലെ വ്യവസ്ഥകൾക്കുകീഴിൽ കണ്ടുകെട്ടപ്പെടാൻ അർഹമായതാണെന്ന് തനിക്ക് വിശ്വസിക്കാൻ കാരണമുണ്ടെങ്കിൽ, അങ്ങനെയുള്ള വ്യോമയാനവും അല്ലെങ്കിൽ ജലയാനവും അല്ലെങ്കിൽ വാഹനവും അല്ലെങ്കിൽ മററുയാനവും അല്ലെങ്കിൽ ജന്തുവിനേയും;

(iii) തന്റെ അഭിപ്രായത്തിൽ ഈ ആക്ററിൻ കീഴിലുള്ള ഏതെങ്കിലും നടപടികൾക്ക് ഉപയോഗപ്രദമോ പ്രസക്തമോ ആയ ഏതെങ്കിലും കണക്കുബുക്കുകളും രേഖകളും,

പിടിച്ചെടുക്കുന്നതും, ഉത്തരവിൽ വിനിർദ്ദേശിക്കുന്ന രീതിയിൽ ആ ആൾ സർട്ടിഫൈ ചെയ്യുന്ന അവയുടെ പകർപ്പുകളോ അവയിൽനിന്നുള്ള എക്സ്ട്രാക്ററുകളോ എടുത്തതിനുശേഷം,അങ്ങനെയുള്ള കണക്കുബുക്കുകളും രേഖകളും, അവ ആരിൽനിന്നാണോ പിടിച്ചെടുത്തത്, അയാൾക്ക് മടക്കിക്കൊടുക്കുന്നതും ഉൾപ്പെടെയുള്ള ഏതെങ്കിലും ആനുഷംഗികവും അനുപൂരകവും ആയ വിഷയങ്ങൾക്കും,

വ്യവസ്ഥ ചെയ്യാവുന്നതാണ്.

(3) (2)-ാം ഉപവകുപ്പ് (ച) ഖണ്ഡത്തെ പരാമർശിച്ചു ചെയ്യുന്നൊരുത്തരവനുസരിച്ച് ഏതെങ്കിലും ആൾ ഏതെങ്കിലും അവശ്യസാധനം വില്ക്കുന്നിടത്ത്, അയാൾക്ക് ഇതിൽ ഇതിനുശേഷം വ്യവസ്ഥചെയ്തിട്ടുള്ളതുപോലെയുള്ള അതിന്റെ വില കൊടുക്കേണ്ടതാകുന്നു:—

(ക) ഈ വകുപ്പിൻകീഴിൽ നിജപ്പെടുത്തിയ നിയന്ത്രിതവില വല്ലതുമുണ്ടെങ്കിൽ, അതിനോട് സംഗതമായി വില പരസ്പരം സമ്മതിക്കാൻ കഴിയുന്നിടത്ത്, സമ്മതിക്കുന്ന വില;

(ഖ) അങ്ങനെ പരസ്പരസമ്മതത്തിലെത്താൻ കഴിയാത്തിടത്ത്, നിയന്ത്രിതവില, വല്ലതുമുണ്ടെങ്കിൽ, അതിന്റെ അടിസ്ഥാനത്തിൽ കണക്കാക്കുന്നവില;

(ഗ) (ക) ഖണ്ഡമോ (ഖ) ഖണ്ഡമോ ബാധകമാകാത്തിടത്ത്, വില്പനത്തീയതി ആ സ്ഥലത്തു നിലവിലിരിക്കുന്ന കമ്പോളനിരക്കിൽ കണക്കാക്കുന്ന വില.

(3 ക) (i) ഏതെങ്കിലും സ്ഥലത്ത് ഏതെങ്കിലും ഭക്ഷണപദാർത്ഥത്തിന്റെ വിലക്കയററം നിയന്ത്രിക്കുകയോ പൂഴ്ത്തിവയ്പ്പു തടയുകയോ ചെയ്യുന്നതിന്, (2)–ാം ഉപവകുപ്പ് (ച) ഖണ്ഡത്തെ പരാമർശിച്ച് ചെയ്ത ഒരു ഉത്തരവ് അനുസരിച്ചു ആ സ്ഥലത്ത് ആ ഭക്ഷണപദാർത്ഥം വില്ക്കേണ്ട വില (3)–ാം ഉപവകുപ്പിൽ എന്തുതന്നെയടങ്ങിയിരുന്നാലും, ഈ ഉപവകുപ്പിലെ വ്യവസ്ഥകൾ അനുസരിച്ച് ക്രമപ്പെടുത്തേണ്ടതാണെന്ന് നിദേശിക്കുന്നത് ആവശ്യകമാണെന്ന് കേന്ദ്രഗവൺമെൻറിന് അഭിപ്രായമുണ്ടെങ്കിൽ, അതിന് ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി അപ്രകാരം ചെയ്യാവുന്നതാണ്;

(ii) ഈ ഉപവകുപ്പിൻകീഴിൽ പുറപ്പെടുവിക്കുന്ന ഏതെങ്കിലും വിജ്ഞാപനം അതിൽ വിനിർദ്ദേശിക്കുന്നതും മൂന്നുമാസത്തിൽ കവിയാത്തതും ആയ കാലത്തേയ്ക്കു പ്രാബല്യത്തിലിരിക്കുന്നതാണ്;

(iii) ഈ ഉപവകുപ്പിൻകീഴിൽ ഒരു വിജ്ഞാപനം പുറപ്പെടുവിച്ചതിനുശേഷം, ഏതെങ്കിലും ആരം അതിൽ വിനിർദ്ദേശിച്ച തരത്തിലുള്ള ഭക്ഷണപദാർത്ഥം അപ്രകാരം വിനിർദ്ദേശിക്കുന്ന പ്രദേശത്ത് (2)–ാം ഉപവകുപ്പ് (ച) ഖണ്ഡത്തെ പരാമർശിച്ച് ചെയ്ത ഒരുത്തരവനുസരിച്ച് വില്ക്കുന്നിടത്ത്, അതിനുള്ള വിലയായി വില്ക്കുന്നയാരംക്ക്—

(ക) ആ ഭക്ഷണപദാർത്ഥത്തിന് ഈ വകുപ്പിൻ കീഴിൽ നിജപ്പെടുത്തിയ നിയന്ത്രിതവില വല്ലതുമുണ്ടെങ്കിൽ, അതിനോട് സംഗതമായി പരസ്പരം സമ്മതിക്കാൻ കഴിയുന്നിടത്ത്, സമ്മതിക്കുന്ന വിലയും;

(ഖ) അങ്ങനെ പരസ്പരസമ്മതത്തിലെത്താൻ കഴിയാത്തിടത്ത്, നിയന്ത്രിതവില വല്ലതുമുണ്ടെങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ കണക്കാക്കുന്ന വിലയും;

(ഗ) (ക) ഖണ്ഡമോ (ഖ) ഖണ്ഡമോ ബാധകമാകാത്തിടത്ത്, വിജ്ഞാപനത്തിന്റെ തീയതിക്കു തൊട്ടു മുമ്പുള്ള മൂന്നുമാസക്കാലത്ത് ആ സ്ഥലത്ത് നിലവിലുണ്ടായിരുന്ന ശരാശരി കമ്പോളനിരക്കിന്റെ അടിസ്ഥാനത്തിൽ കണക്കാക്കുന്ന വിലയും;

കൊടുക്കേണ്ടതാകുന്നു.

(iv) (iii)–ാം ഖണ്ഡം (ഗ) ഉപഖണ്ഡത്തിന്റെ ആവശ്യങ്ങരംക്ക്, സ്ഥലത്ത് നിലവിലിരിക്കുന്ന ശരാശരി കമ്പോളനിരക്ക്, കേന്ദ്രഗവൺമെൻറ് ഇതിലേയ്ക്ക് പ്രാധികാരം നല്കുന്ന ഒരു ഉദ്യോഗസ്ഥൻ, നിലവിലുള്ള ഏതു കമ്പോളനിരക്കുകരംക്കാണോ ആ സ്ഥലം സംബന്ധിച്ചോ അയൽസ്ഥലം സംബന്ധിച്ചോ പ്രസിദ്ധപ്പെടുത്തിയ കണക്കുകരം ലഭ്യമായിട്ടുള്ളത്, ആ നിരക്കുകളുടെ അടിസ്ഥാനത്തിൽ നിശ്ചയിക്കേണ്ടതും; അങ്ങനെ നിശ്ചയിച്ച ശരാശരി കമ്പോളനിരക്ക് അന്തിമമായിരിക്കുന്നതും, യാതൊരു കോടതിയിലും ചോദ്യം ചെയ്യാൻ പാടില്ലാത്തതും ആകുന്നു.

(3 ഖ) ഏതെങ്കിലും ആളോട്, (2)–ാം ഉപവകുപ്പ് (ച) ഖണ്ഡത്തെ പരാമർശിച്ചു ചെയ്ത ഒരു ഉത്തരവുവഴി, ഏതെങ്കിലും തരത്തിലോ ഇനത്തിലോ ഉള്ള ഭക്ഷ്യധാന്യങ്ങളോ, ഭക്ഷ്യമായ എണ്ണക്കുരുക്കളോ, ഭക്ഷ്യമായ എണ്ണകളോ, കേന്ദ്രഗവൺമെൻറിനോ, ഒരു സ്റേററ് ഗവൺമെൻറിനോ, അല്ലെങ്കിൽ അങ്ങനെയുള്ള ഗവൺമെൻറിന്റെ ഒരു ഉദ്യോഗസ്ഥനോ ഏജൻറിനോ വില്ക്കാൻ ആവശ്യപ്പെടുകയും, അങ്ങനെയുള്ള ഭക്ഷണ ധാന്യങ്ങളേയോ ഭക്ഷ്യമായ എണ്ണക്കുരുക്കളേയോ ഭക്ഷ്യമായ എണ്ണകളേയോ സംബന്ധിച്ച് (3 ക) ഉപവകുപ്പിൻ കീഴിൽ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ലാതിരിക്കുകയോ, അങ്ങനെയുള്ള

ഏതെങ്കിലും വിജ്ഞാപനം പുറപ്പെടുവിച്ചിരിക്കേ, അത് കാലം കഴിഞ്ഞതിനാൽ പ്രാബല്യത്തിലില്ലാതിരിക്കുകയോ ചെയ്യുകയും ചെയ്യുന്നതായാൽ, (3)–ാം ഉപവകുപ്പിൽ എന്തുതന്നെയടങ്ങിയിരുന്നാലും, ആ ഭക്ഷ്യധാന്യങ്ങൾക്കോ ഭക്ഷ്യമായ എണ്ണക്കുരുക്കൾക്കോ ഭക്ഷ്യമായ എണ്ണകൾക്കോ വിനിർദ്ദേശിക്കാവുന്ന വില—

(i) അങ്ങനെയുള്ള തരത്തിലോ ഇനത്തിലോ ഉള്ള ഭക്ഷ്യധാന്യങ്ങൾക്കോ, ഭക്ഷ്യമായ എണ്ണക്കുരുക്കൾക്കോ, ഭക്ഷ്യമായ എണ്ണകൾക്കോ, ഈ വകുപ്പിന്റെ കീഴിലോ, തൽസമയം പ്രാബല്യത്തിലുള്ള മറേറതെങ്കിലും നിയമത്താലോ നിയമത്തിൻകീഴിലോ നിശ്ചയിച്ചിട്ടുള്ള നിയന്ത്രിതവില വല്ലതുമുണ്ടെങ്കിൽ അതോ; അല്ലെങ്കിൽ

(ii) അങ്ങനെയുള്ള വില നിശ്ചയിച്ചിട്ടില്ലെങ്കിൽ, അങ്ങനെയുള്ള തരത്തിലോ ഇനത്തിലോ ഉള്ള ഭക്ഷ്യധാന്യങ്ങൾക്കോ, ഭക്ഷ്യമായ എണ്ണക്കുരുക്കൾക്കോ, ഭക്ഷ്യമായ എണ്ണകൾക്കോ, ആ ഉത്തരവ് ബാധകമായിട്ടുള്ള പ്രദേശത്ത് കൊയ്ത്തിനുശേഷമുള്ള കാലത്ത് നിലവിലുള്ളതോ, നിലവിലുണ്ടായിരിക്കാൻ ഇടയുള്ളതോ ആയ വില പരിഗണിച്ചു കണക്കാക്കിയ തുകയോ;

കൊടുക്കേണ്ടതാകുന്നു.

<u>വിശദീകരണം</u>.—ഈ ഉപവകുപ്പിന്റെ ആവശ്യങ്ങൾക്ക് ഏതെങ്കിലും പ്രദേശത്തെ സംബന്ധിച്ച് "കൊയ്ത്തിന് ശേഷമുള്ളകാലം" എന്നാൽ കൊയ്ത്തു പ്രവർത്തനങ്ങൾ സാധാരണമായി ആരംഭിക്കുന്ന രണ്ടാഴ്ചക്കാലത്തിന്റെ അവസാനദിവസം തൊട്ടാരംഭിക്കുന്ന നാലുമാസക്കാലം എന്നർത്ഥമാകുന്നു.

(3 ഗ) ഏതെങ്കിലും ഉത്പാദകനോട്, (2)–ാംഉപവകുപ്പ് (ച) ഖണ്ഡത്തെ പരാമർശിച്ച് ചെയ്ത ഒരു ഉത്തരവുവഴി, ഏതെങ്കിലും തരം പഞ്ചസാര (കേന്ദ്രഗവൺമെൻറിനോ, ഒരു സ്റേറററ് ഗവൺമെൻറിനോ, അങ്ങനെയുള്ള ഗവൺമെൻറിന്റെ ഒരു ഉദ്യോഗസ്ഥനോ ഏജൻറിനോ, അല്ലെങ്കിൽ മറേറതെങ്കിലും ആൾക്കോ മറേറതെങ്കിലും തരം ആളുകൾക്കോ ആയാലും) വില്ക്കുവാൻ ആവശ്യപ്പെടുകയും, അങ്ങനെയുള്ള പഞ്ചസാര സംബന്ധിച്ച് (3 ക) ഉപവകുപ്പിന്റെ കീഴിൽ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ലാതിരിക്കുകയോ, അല്ലെങ്കിൽ അങ്ങനെയുള്ള ഏതെങ്കിലും വിജ്ഞാപനം പുറപ്പെടുവിച്ചിരിക്കെ, അതു കാലം കഴിഞ്ഞതിനാൽ പ്രാബല്യത്തിലില്ലാതിരിക്കുകയോ ചെയ്യുകയും ചെയ്യുന്നതായാൽ, (3)–ാംഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ആ ഉൽപാദകന്, അതിന്—

(ക) കരിമ്പിന് കേന്ദ്രഗവൺമെൻറ് ഈ വകുപ്പിൻകീഴിൽ ഏററവും ചുരുങ്ങിയ വില വല്ലതും നിജപ്പെടുത്തിയിട്ടുണ്ടെങ്കിൽ അതും;

(ഖ) പഞ്ചസാരയുടെ നിർമ്മാണച്ചെലവും;

(ഗ) അതിൻമേൽ കൊടുത്തതോ,കൊടുക്കാനുള്ളതോ ആയ ഡ്യൂട്ടിയോ, നികുതിയോ വല്ലതും ഉണ്ടെങ്കിൽ, അതും;

(ഘ) പഞ്ചസാര നിർമ്മാണ ബിസിനസ്സിൽ വിനിയോഗിച്ച മൂലധനത്തിൻമേലുള്ള ന്യായമായ ലാഭം ഉറപ്പുവരുത്തുന്നതും.

കണക്കിലെടുത്തുകൊണ്ട് കേന്ദ്രഗവൺമെൻറ് ഉത്തരവുവഴി നിശ്ചയിക്കുന്ന പഞ്ചസാര വിലയുടെ അടിസ്ഥാനത്തിൽ കണക്കാക്കുന്ന തുക കൊടുക്കേണ്ടതും, വ്യത്യസ്ത പ്രദേശങ്ങൾക്കോ, വ്യത്യസ്ത ഫാക്ടററികൾക്കോ, പഞ്ചസാരയുടെ വ്യത്യസ്ത തരങ്ങൾക്കോ വ്യത്യസ്തമായ വിലകൾ, അതത് സമയം, നിശ്ചയിക്കാവുന്നതും ആണ്

വിശദീകരണം.—ഈ ഉപവകുപ്പിന്റെ ആവശ്യങ്ങൾക്ക്, "ഉത്പാദകൻ" എന്നാൽ പഞ്ചസാര നിർമ്മാണ ബിസിനസസ് നടത്തിക്കൊണ്ടുപോകുന്ന ആൾ എന്നർത്ഥമാകുന്നു.

(4) ഒരു അവശ്യസാധനത്തിന്റെ ഉത്പാദനവും സംഭരണവും നില നിറുത്തുകയോ വർദ്ധിപ്പിക്കുകയോ ചെയ്യുന്നതിന്, ഉത്തരവുവഴി, അതിൽ വിനിർദ്ദേശിക്കുന്നതും, ആസാധനത്തിന്റെ ഉത്പാദനത്തിലും സംഭരണത്തിലും ഏർപ്പെട്ടിരിക്കുന്നതുമായ ഏതെങ്കിലും സംരംഭത്തെ മുഴുവനോ അതിന്റെ ഏതെങ്കിലും ഭാഗമോ സംബന്ധിച്ച് ഉത്തരവിൽ വ്യവസ്ഥ ചെയ്യുന്ന നിയന്ത്രണ ച്ചുമതലകൾ നിർവ്വഹിക്കുന്നതിന് (ഇതിൽ ഇതിനുശേഷം പ്രാധികൃത നിയന്ത്ര കൻ എന്നു പരാമർശിക്കപ്പെടുന്നു) ഏതെങ്കിലും ആൾക്ക് പ്രാധികാരം നല്കു ന്നത് ആവശ്യകമാണെന്ന് കേന്ദ്രഗവൺമെന്റിന് അഭിപ്രായമുണ്ടെങ്കിൽ, അതിന് അപ്രകാരം ചെയ്യാവുന്നതും, ഏതെങ്കിലും സംരംഭമോ അതിന്റെ ഭാഗമോ സംബന്ധിച്ച് അങ്ങനെയുള്ള ഉത്തരവ് പ്രാബല്യത്തിലുള്ളിടത്തോളം കാലം—

(ക) പ്രാധികൃത നിയന്ത്രകൻ, തന്റെ ചുമതലകൾ കേന്ദ്രഗവൺ മെന്റ് അയാൾക്ക് നല്കുന്ന ഏതെങ്കിലും ആദേശങ്ങൾക്ക് അനുസൃതമായും, എന്നാൽ ഉത്തരവിൽ വിനിർദ്ദിഷ്ടമായി വ്യവസ്ഥ ചെയ്യുന്നിടത്തോളമൊഴികെ, ആ സംരംഭത്തിന്റെ നടത്തിപ്പിന്റെ ചാർജ്ജുള്ള ആളുകളുടെ ചുമതലകൾ നിശ്ച യിക്കുന്ന ഏതെങ്കിലും അധിനിയമത്തിന്റേയോ പ്രമാണത്തി ന്റേയോ വ്യവസ്ഥകൾക്ക് അസംഗതമായ ഏതെങ്കിലും നിദേശം നല്കാൻ അയാൾക്ക് അധികാരമില്ലാത്ത വിധത്തിലും നിർവ്വ ഹിക്കേണ്ടതും;

(ഖ) ആ സംരംഭമോ അതിന്റെ ഭാഗമോ, പ്രാധികൃത നിയന്ത്രകൻ ഉത്തര വിലെ വ്യവസ്ഥകൾക്കു കീഴിൽ നല്കുന്ന ഏതെങ്കിലും നിദേശങ്ങൾക്കു അനുസൃതമായി നടത്തിക്കൊണ്ടുപോകേണ്ടതും, ആ സംരംഭത്തോടോ അതിന്റെ ഭാഗത്തോടോ ബന്ധപ്പെട്ട ഏതെ ങ്കിലും നടത്തിപ്പുചുമതലകളുള്ള ഏതെങ്കിലും ആൾ അങ്ങനെ യുള്ള ഏതെങ്കിലും നിദേശങ്ങൾ അനുസരിക്കേണ്ടതും ആണ്.

(5) ഈ വകുപ്പിൻകീഴിൽ ചെയ്ത ഒരുത്തരവ്,—

(ക) സാമാന്യ സ്വഭാവമുള്ളതോ ഒരു വർഗ്ഗത്തിൽപെട്ട ആളുകളെ ബാധിക്കുന്നതോ ആയ ഉത്തരവിന്റെ സംഗതിയിൽ, ഔദ്യോഗിക ഗസററിൽ വിജ്ഞാപനം ചെയ്യപ്പെടേണ്ടതും,

(ഖ) ഒരു വിനിർദ്ദിഷ്ട വ്യക്തിയോടു നിദേശിച്ചുകൊണ്ടുള്ള ഉത്തരവിന്റെ സംഗതിയിൽ ആ വ്യക്തിക്ക്—

(i) ആ വ്യക്തിക്ക് ഡെലിവർ ചെയ്യുകയോ ടെൻഡർ ചെയ്യുകയോ ചെയ്യുന്നതുവഴിയോ, അല്ലെങ്കിൽ

(ii) അത് അങ്ങനെ ഡെലിവർ ചെയ്യുകയോ ടെൻഡർ ചെയ്യുകയോ ചെയ്യാൻ കഴിയുന്നില്ലെങ്കിൽ, ആ വ്യക്തി താമസിക്കുന്ന കെട്ടിട പരിസരത്തിന്റെ പുറംവാതിലിൻമേലോ, ശ്രദ്ധ യാകർഷിക്കത്തക്ക മററുവല്ല ഭാഗത്തോ പതിക്കുകയും അതിനെ ക്കുറിച്ചുള്ള ലിഖിതമായ ഒരു റിപ്പോർട്ട് തയ്യാറാക്കുകയും അയൽപ്രദേശത്ത് താമസിക്കുന്ന രണ്ടാളുകളെക്കൊണ്ട് സാക്ഷ്യ പ്പെടുത്തുകയും ചെയ്യുന്നതുവഴിയോ,

നടത്തേണ്ടതാകുന്നു.

(6) ഈ വകുപ്പിൻകീഴിൽ കേന്ദ്രഗവൺമെൻറോ, കേന്ദ്രഗവൺമെൻറിൻെറ ഏതെങ്കിലും ഉദ്യോഗസ്ഥനോ, അധികാരസ്ഥാനമോ ചെയ്യുന്ന ഏതൊരുത്തരവും, അതു ചെയ്തതിനുശേഷം ആകുന്നത്ര വേഗത്തിൽ, പാർലമെൻറിൻെറ ഇരുസഭകളുടേയും മുമ്പാകെ വയ്ക്കേണ്ടതാകുന്നു.

4. സ്റേററുഗവൺമെൻറുകളുടെ മേൽ കർത്തവ്യങ്ങൾ ചുമത്തലും മററും.—3-ാം വകുപ്പിൻകീഴിൽ ചെയ്യപ്പെടുന്ന ഒരുത്തരവിന് കേന്ദ്രഗവൺമെൻറിനോ, സ്റേററ് ഗവൺമെൻറിനോ അല്ലെങ്കിൽ കേന്ദ്രഗവൺമെൻറിൻേറയോ, സ്റേററ് ഗവൺമെൻറിൻേറയോ ഉദ്യോഗസ്ഥൻമാർക്കും, അധികാരസ്ഥാനങ്ങൾക്കുമോ അധികാരങ്ങൾ നല്കുകയും, അവരുടെ മേൽ കർത്തവ്യങ്ങൾ ചുമത്തുകയും ചെയ്യാവുന്നതും, അതിൽ അങ്ങനെയുള്ള ഏതെങ്കിലും അധികാരങ്ങളുടെ പ്രയോഗത്തേയോ അങ്ങനെയുള്ള ഏതെങ്കിലും കർത്തവ്യങ്ങളുടെ നിർവ്വഹണത്തേയോ സംബന്ധിച്ച് ഏതെങ്കിലും സ്റേററ് ഗവൺമെൻറിനോ അല്ലെങ്കിൽ അതിൻെറ ഉദ്യോഗസ്ഥൻമാർക്കും അധികാരസ്ഥാനങ്ങൾക്കുമോ ഉള്ള നിദേശങ്ങൾ അടങ്ങിയിരിക്കാവുന്നതും ആകുന്നു.

5. അധികാരങ്ങളുടെ പ്രത്യായോജനം.—കേന്ദ്രഗവൺമെൻറിന് വിജ്ഞാപനം ചെയ്യപ്പെട്ട ഉത്തരവുവഴി, 3-ാം വകുപ്പിൻെറ കീഴിൽ ഉത്തരവുകൾ ചെയ്യുന്നതിനോ വിജ്ഞാപനങ്ങൾ പുറപ്പെടുവിക്കുന്നതിനോ ഉള്ള അധികാരം, നിദേശത്തിൽ വിനിർദ്ദേശിക്കുന്ന വിഷയങ്ങൾ സംബന്ധിച്ചും, അങ്ങനെവിനിർദ്ദേശിക്കുന്ന ഉപാധികൾ വല്ലതുമുണ്ടെങ്കിൽ, അവയ്ക്ക് വിധേയമായും—

(ക) കേന്ദ്രഗവൺമെൻറിൻെറ കീഴിലുള്ളതും നിദേശത്തിൽ വിനിർദ്ദേശിക്കുന്നതുമായ ഉദ്യോഗസ്ഥന്നോ അധികാരസ്ഥാനത്തിന്നോ, അല്ലെങ്കിൽ

(ഖ) നിദേശത്തിൽ വിനിർദ്ദേശിക്കുന്ന സ്റേററ് ഗവൺമെൻറിന്നോ, സ്റേററ് ഗവൺമെൻറിൻെറ കീഴിലുള്ളതും നിദേശത്തിൽ വിനിർദ്ദേശിക്കുന്നതുമായ ഉദ്യോഗസ്ഥന്നോ, അധികാരസ്ഥാനത്തിന്നോ,

കൂടി പ്രയോഗിക്കാവുന്നതാണെന്ന് നിദേശിക്കാവുന്നതാണ്.

6. മററു അധിനിയമങ്ങളോട് അസംഗതമായ ഉത്തരവുകളുടെ പ്രഭാവം.—3-ാം വകുപ്പിൻെറ കീഴിൽ ചെയ്യുന്ന ഏതെങ്കിലും ഉത്തരവിന്, അതിനോട് അസംഗതമായി ഈ ആക്ററ് അല്ലാത്ത ഏതെങ്കിലും അധിനിയമത്തിലോ ഈ ആക്ററ് അല്ലാത്ത ഏതെങ്കിലും അധിനിയമത്തിൻെറ ബലത്തിൽ പ്രഭാവമുള്ള ഏതെങ്കിലും പ്രമാണത്തിലോ എന്തുതന്നെയിരുന്നാലും, പ്രഭാവം ഉണ്ടായിരിക്കുന്നതാണ്.

6 ക. അവശ്യസാധനം കണ്ടുകെട്ടുന്നത്.—ഏതെങ്കിലും അവശ്യസാധനം, അതു സംബന്ധിച്ച് 3-ാം വകുപ്പിൻെറ കീഴിൽ ചെയ്യുന്ന ഒരുത്തരവിന് അനുസൃതമായി പിടിച്ചെടുക്കപ്പെടുന്നിടത്ത്, അത് അന്യായമായ യാതൊരു കാലതാമസവും കൂടാതെ, അങ്ങനെയുള്ള അവശ്യസാധനം പിടിച്ചെടുക്കപ്പെട്ട ജില്ലയുടേയോ പ്രസിഡൻസി ടൗണിൻേറയോ കളക്ടരുടെ മുമ്പാകെ ഹാജരാക്കപ്പെടാവുന്നതും, അങ്ങനെയുള്ള ഉത്തരവ് ഉല്ലംഘിച്ചതിന് പ്രാസിക്യൂഷൻ ആരംഭിച്ചാലും ഇല്ലെങ്കിലും, കളക്ററർക്ക് ആ ഉത്തരവ് ഉല്ലംഘിച്ചിട്ടുണ്ടെന്ന് ബോദ്ധ്യപ്പെടുന്നുവെങ്കിൽ,—

(ക) അപ്രകാരം പിടിച്ചെടുത്ത അവശ്യസാധനവും;

(ഖ) അങ്ങനെയുള്ള അവശ്യസാധനം അകത്തുകാണപ്പെടുന്ന ഏതെങ്കിലും പൊതികളും അല്ലെങ്കിൽ മൂടികളും അല്ലെങ്കിൽ പാത്രങ്ങളും;

(ഗ) അങ്ങനെയുള്ള അവശ്യസാധനം വഹിച്ചുകൊണ്ടുപോകുന്നതിന് ഉപയോഗിച്ച ഏതെങ്കിലും ജന്തുവിനേയും അല്ലെങ്കിൽ വാഹനവും അല്ലെങ്കിൽ ജലയാനവും അല്ലെങ്കിൽ മററു യാനവും;

കണ്ടുകെട്ടുവാൻ ഉത്തരവ് ചെയ്യാവുന്നതാണ്:

എന്നാൽ, ഈ ആക്ററിലെ മറേറതെങ്കിലും വ്യവസ്ഥകൾക്കു കീഴിൽ എടുക്കാവുന്ന ഏതെങ്കിലും നടപടിക്ക് ഭംഗം വരാത്തവിധം, ഏത് ഭക്ഷ്യധാന്യങ്ങളോ ഭക്ഷ്യമായ എണ്ണക്കുരുക്കളോ ആണോ 3–ാം വകുപ്പിൻകീഴിൽ അതു സംബന്ധിച്ച് ചെയ്ത ഒരു ഉത്തരവിന് അനുസൃതമായി ഒരു ഉത്പാദകനിൽ നിന്ന് പിടിച്ചെടുക്കപ്പെടുന്നത്, അങ്ങനെയുള്ള യാതൊരു ഭക്ഷ്യധാന്യവും അല്ലെങ്കിൽ ഭക്ഷ്യമായ എണ്ണക്കുരുവും, അതു അയാളാൽ ഉത്പാദിപ്പിക്കപ്പെട്ടവയാണെങ്കിൽ ഈ വകുപ്പിൻ കീഴിൽ കണ്ടുകെട്ടുവാൻ പാടുള്ളതല്ല.

6ഖ. (1) അവശ്യസാധനം കണ്ടുകെട്ടുന്നതിനുമുമ്പ് കാരണം കാണിക്കാനുള്ള നോട്ടീസ് പുറപ്പെടുവിക്കുന്നത്.—ഏതെങ്കിലും അവശ്യസാധനമോ മൂടിയോ പാത്രമോ ജന്തുവോ ജലയാനമോ മററു യാനമോ കണ്ടുകെട്ടുന്നതിന് 6ക വകുപ്പിൻകീഴിൽ യാതൊരുത്തരവും അങ്ങനെയുള്ള അവശ്യസാധനത്തിൻേറയോ പൊതിയുടേയോ മൂടിയുടേയോ പാത്രത്തിൻേറയോ ജന്തുവിൻേറയോ വാഹനത്തിൻേറയോ ജലയാനത്തിൻേറയോ മററു യാനത്തിൻേറയോ ഉടമസ്ഥന്നോ, അല്ലെങ്കിൽ ആരിൽനിന്നാണോ അതു പിടിച്ചെടുത്തത് അയാൾക്കോ,—

(ക) ഏതു കാരണങ്ങളിൻമേലാണ് ആ അവശ്യസാധനമോ പൊതിയോ മൂടിയോ പാത്രമോ ജന്തുവിനേയോ വാഹനമോ ജലയാനമോ മററുയാനമോ കണ്ടുകെട്ടുവാൻ നിർദ്ദേശമുള്ളത്, ആ കാരണങ്ങൾ അയാളെ അറിയിക്കുന്ന ലിഖിതമായ നോട്ടീസ് കൊടുക്കുകയും;

(ഖ) കണ്ടുകെട്ടുന്നതിനുള്ള കാരണങ്ങൾക്കെതിരായി നോട്ടീസിൽ വിനിർദ്ദേശിക്കുന്നതും ന്യായമായതുമായ സമയത്തിനുള്ളിൽ ലിഖിതമായ നിവേദനം നല്കാൻ അവസരം കൊടുക്കുകയും;

(ഗ) ആ വിഷയത്തിൽ അയാൾക്ക് പറയുവാനുള്ളത് പറയുവാൻ ന്യായമായ അവസരം കൊടുക്കുകയും;

ചെയ്യാത്തപക്ഷം, പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

(2) ഏതെങ്കിലും ജന്തുവിനേയോ വാഹനമോ ജലയാനമോ മററു വാഹനമോ കണ്ടുകെട്ടുന്നതിൽ 6ക വകുപ്പിൻ കീഴിൽ യാതൊരു ഉത്തരവും, ആ ജന്തുവിനേയോ വാഹനമോ ജലയാനമോ മററുവാഹനമോ ആ അവശ്യസാധനം വഹിച്ചുകൊണ്ടു പോകുന്നതിന് ഉപയോഗിച്ചത് അതിൻെറ ഉടമസ്ഥൻേറയും, അയാൾക്ക് ഏജൻറ് വല്ലവരും ഉണ്ടെങ്കിൽ, ആ ഏജൻറിൻേറയും ആ ജന്തുവിൻേറയോ വാഹനത്തിൻേറയോ ജലയാനത്തിൻേറയോ മററുയാനത്തിൻേറയോ ചാർജ്ജുള്ള ആളുടേയും അറിവോ മൗനാനുവാദമോ കൂടാതെയാണെന്നും, അവരിൽ ഓരോരുത്തരും അങ്ങനെയുള്ള ഉപയോഗത്തിന്നെതിരായി ന്യായവും ആവശ്യകവുമായ എല്ലാ മുൻകരുതലുകളും എടുത്തിട്ടുണ്ടായിരുന്നുവെന്നും അതിൻെറ ഉടമസ്ഥൻ, കളക്ററർക്ക് ബോദ്ധ്യമാകുംവിധം തെളിയിക്കുന്നുവെങ്കിൽ, പുറപ്പെടുവിക്കാൻ പാടില്ലാത്തതും, ഇത് (1)–ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് ഭംഗം വരാത്തവിധമായിരിക്കുന്നതും ആകുന്നു.

6ഗ. അപ്പീൽ.—(1) 6ക വകുപ്പിൻകീഴിലെ കണ്ടുകെട്ടലിനുള്ള ഒരുത്തരവിനാൽ സങ്കടക്കാരനായ ഏതെങ്കിലും ആാക്ക് അങ്ങനെയുള്ള ഉത്തരവ് അയാളെ അറിയിച്ച തീയതി മുതൽ ഒരു മാസത്തിനകം, ബന്ധപ്പെട്ട സ്റേററ് ഗവൺമെൻറ് നിയമിച്ചിട്ടുള്ള ഏതെങ്കിലും നീതിന്യായാധികാരസ്ഥാനത്തേക്ക് അപ്പീൽ കൊടുക്കാവുന്നതും, ആ നീതിന്യായാധികാരസ്ഥാനം, അപ്പീൽവാദിക്കു പറയുവാനുള്ളതു പറയുവാൻ അവസരം കൊടുത്തതിനുശേഷം, ഏതുത്തരവിനെതിരായാണോ അപ്പീൽ കൊടുത്തിട്ടുള്ളത്, ആ ഉത്തരവ് സ്ഥിരീകരിച്ചുകൊണ്ടോ, രൂപഭേദപ്പെടുത്തിക്കൊണ്ടോ പ്രഭാവശൂന്യമാക്കിക്കൊണ്ടോ യുക്തമെന്ന് കരുതുന്ന ഉത്തരവ് പാസ്സാക്കേണ്ടതും ആകുന്നു.

(2) 6ക വകുപ്പിൻകീഴിലെ ഒരുത്തരവ്, അങ്ങനെയുള്ള നീതിന്യായാധികാരസ്ഥാനം രൂപഭേദപ്പെടുത്തുകയോ, പ്രഭാവശൂന്യമാക്കുകയോ ചെയ്യുന്നിടത്തോ അല്ലെങ്കിൽ, ഏതുത്തരവ് സംബന്ധിച്ചാണോ 6ക വകുപ്പിൻകീഴിൽ കണ്ടുകെട്ടൽ ഉത്തരവ് ചെയ്യപ്പെട്ടിട്ടുള്ളത്, ആ ഉത്തരവ് ഉല്ലംഘിച്ചതിന് ആരംഭിച്ച ഒരു പ്രാസിക്യൂഷനിൽ ബന്ധപ്പെട്ട ആാ കുററവിമുക്തനാക്കപ്പെടുന്നിടത്തോ ഈ സംഗതികളിലേതിലും പിടിച്ചെടുക്കപ്പെട്ട അവശ്യസാധനം മടക്കി കൊടുക്കുവാൻ ഏതെങ്കിലും കാരണവശാൽ സാധ്യമല്ലാതെ വരികയും കൂടി ചെയ്യുന്നുവെങ്കിൽ, അങ്ങനെയുള്ള ആാക്ക്, ആ അവശ്യസാധനം ഗവൺമെൻറിനു വില്ക്കപ്പെട്ടിട്ടുണ്ടായിരുന്നാലെന്നപോലെ അതിൻെറ വില അതു പിരിച്ചെടുക്കപ്പെട്ട ദിവസം മുതൽ കണക്കാക്കപ്പെടുന്ന ന്യായമായ പലിശയോടുകൂടി കൊടുക്കേണ്ടതും, അങ്ങനെയുള്ള വില—

(i) ഭക്ഷ്യധാന്യങ്ങളുടേയോ, ഭക്ഷ്യമായ എണ്ണക്കുരുക്കളുടേയോ, ഭക്ഷ്യമായ എണ്ണകളുടേയോ സംഗതിയിൽ, 3–ാം വകുപ്പ്, (3ഖ) ഉപവകുപ്പിലെ വ്യവസ്ഥകാ അനുസരിച്ചും,

(ii) പഞ്ചസാരയുടെ സംഗതിയിൽ, 3–ാം വകുപ്പ് (3ഗ) ഉപവകുപ്പിലെ വ്യവസ്ഥകാ അനുസരിച്ചും,

(iii) മറേറതെങ്കിലും അവശ്യസാധനത്തിൻെറ സംഗതിയിൽ, 3–ാം വകുപ്പ് (3)–ാം ഉപവകുപ്പിലെ വ്യവസ്ഥകാ അനുസരിച്ചും,

നിശ്ചയിക്കപ്പെടേണ്ടതുമാകുന്നു.

6ഘ. കണ്ടുകെട്ടൽ ഉത്തരവ് നല്കുന്നത് മററു ശിക്ഷകളെ ബാധിക്കുന്നതല്ലെന്ന്.—കളക്ററർ ഈ ആക്ററിൻകീഴിൽ നല്കുന്ന ഏതെങ്കിലും കണ്ടുകെട്ടൽ ഉത്തരവ്, അതു ബാധിക്കുന്ന ആാ, ഈ ആക്ററിൻകീഴിൽ അർഹിക്കുന്ന ഏതെങ്കിലും ശിക്ഷ ചുമത്തപ്പെടുന്നതിനെ തടയുന്നതല്ല.

7. ദണ്ഡനങ്ങാ.—(1) ഏതെങ്കിലും ആാ 3–ാം വകുപ്പിൻകീഴിൽ ചെയ്യപ്പെട്ട ഒരുത്തരവ് ഉല്ലംഘിക്കുന്നുവെങ്കിൽ,—

(ക) അയാാ—

(i) ആ വകുപ്പിലെ (2)–ാം ഉപവകുപ്പ് (ജ) ഖണ്ഡത്തേയോ (ഝ) ഖണ്ഡത്തേയോ പരാമർശിച്ച് ചെയ്യപ്പെട്ട ഉത്തരവിൻെറ സംഗതിയിൽ, ഒരു വർഷത്തോളമാകാവുന്ന കാലത്തേയ്ക്കുള്ള തടവ് നല്കി ശിക്ഷിക്കപ്പെടേണ്ടതും, പിഴശിക്ഷയ്ക്കുകൂടി അർഹനായിരിക്കുന്നതും,

(ii) മറേറതെങ്കിലും ഉത്തരവിൻെറ സംഗതിയിൽ, മൂന്നുമാസത്തിൽ കുറയാത്തതും, എന്നാൽ ഏഴുവർഷത്തോളം ആകാവുന്നതും ആയ കാലത്തേയ്ക്കുള്ള തടവു നല്കി ശിക്ഷിക്കപ്പെടേണ്ടതും പിഴശിക്ഷയ്ക്കുകൂടി അർഹനായിരിക്കുന്നതും,;

എന്നാൽ കോടതിക്ക്, വിധിന്യായത്തിൽ പറഞ്ഞിരിക്കേണ്ട പര്യാപ്തവും പ്രത്യേകവും ആയ ഏതെങ്കിലും കാരണങ്ങളാൽ മൂന്നുമാസത്തിൽ കുറഞ്ഞ കാലത്തെ തടവിനുള്ള ശിക്ഷാവിധി ചുമത്താവുന്നതാണ്,—

(ഖ) ഏത് വസ്തു സംബന്ധിച്ചാണോ ഉത്തരവ് ഉല്ലംഘിക്കപ്പെട്ടിട്ടുള്ളത് ആ വസ്തു ഗവൺമെൻറിലേയ്ക്ക് കണ്ടുകെട്ടപ്പെടേണ്ടതും;

(ഗ) ആ വസ്തു അകത്തു കാണപ്പെടുന്ന ഏതെങ്കിലും പൊതിയും അല്ലെങ്കിൽ മൂടിയും അല്ലെങ്കിൽ പാത്രവും ആ വസ്തു വഹിച്ചുകൊണ്ടു പോകുന്നതിന് ഉപയോഗിക്കപ്പെട്ട ഏതെങ്കിലും ജന്തുവും വാഹനവും ജലയാനവും അല്ലെങ്കിൽ മററുയാനവും കണ്ടുകെട്ടപ്പെടേണ്ടതും,

ആകുന്നു.

(2) 3–ാം വകുപ്പ് (4)–ാം ഉപവകുപ്പ് (ഖ) ഖണ്ഡത്തിൻകീഴിൽ നിദേശം നല്കപ്പെട്ട ഏതെങ്കിലും ആൾ, ആ നിദേശം അനുസരിക്കാതിരിക്കുന്നുവെങ്കിൽ, അയാൾ മൂന്നുമാസത്തിൽ കുറയാത്തതും എന്നാൽ ഏഴുവർഷത്തോളമാകാവുന്നതുമായ കാലത്തേയ്ക്കുള്ള തടവു നല്കി ശിക്ഷിക്കപ്പെടേണ്ടതും പിഴശിക്ഷയ്ക്കു കൂടി അർഹനായിരിക്കുന്നതും ആകുന്നു:

എന്നാൽ കോടതിക്ക് വിധിന്യായത്തിൽ പറഞ്ഞിരിക്കേണ്ട പര്യാപ്തവും പ്രത്യേകവുമായ ഏതെങ്കിലും കാരണങ്ങളാൽ മൂന്നുമാസത്തിൽ കുറഞ്ഞ കാലത്തെ തടവിനുള്ള ശിക്ഷാവിധി ചുമത്താവുന്നതാണ്.

2. (ക) (1)–ാം ഉപവകുപ്പ് (ക) ഖണ്ഡം (ii)–ാം ഉപഖണ്ഡത്തിൻ കീഴിലോ (2)–ാം ഉപവകുപ്പിൻ കീഴിലോ ഉള്ള ഒരു കുററത്തിന് കുററസ്ഥാപനം ചെയ്യപ്പെടുന്ന ഒരാൾ അതേ വ്യവസ്ഥയ്ക്കു കീഴിൽ വീണ്ടും കുററസ്ഥാപനം ചെയ്യപ്പെടുന്നുവെങ്കിൽ, അയാൾ രണ്ടാമത്തെ കുററത്തിനും പിന്നീടുള്ള ഏതൊരു കുററത്തിന്നും ആറുമാസത്തിൽ കുറയാത്തതും എന്നാൽ ഏഴുവർഷത്തോളമാകാവുന്നതുമായ കാലത്തേയ്ക്കുള്ള തടവുനല്കി ശിക്ഷിക്കപ്പെടേണ്ടതും പിഴശിക്ഷയ്ക്കുകൂടി അർഹനായിരിക്കുന്നതും ആകുന്നു:

എന്നാൽ കോടതിക്ക് വിധിന്യായത്തിൽ പറഞ്ഞിരിക്കേണ്ട പര്യാപ്തവും പ്രത്യേകവുമായ ഏതെങ്കിലും കാരണങ്ങളാൽ മൂന്നുമാസത്തിൽ കുറഞ്ഞ കാലത്തെ തടവിനുള്ള ശിക്ഷാവിധി ചുമത്താവുന്നതാണ്.

2. (ഖ) (1) ം (2) ം (2 ക)–യും ഉപവകുപ്പുകളുടെ ആവശ്യങ്ങൾക്ക്, (1)–ാം ഉപവകുപ്പ് (ക) ഖണ്ഡം (ii)–ാം ഉപഖണ്ഡത്തിൻകീഴിലോ (2)–ാം ഉപവകുപ്പിൻ കീഴിലോ ഉള്ള ഒരു കുററം പൊതുജനങ്ങൾക്ക് സാമാന്യമായോ ഏതെങ്കിലും വ്യക്തിക്കോ സാരമായ ഹാനി ഉളവാക്കിയിട്ടില്ലെന്നുള്ള വസ്തുത, അതതു സംഗതിപോലെ, മൂന്നുമാസത്തിലോ ആറുമാസത്തിലോ കുറഞ്ഞ കാലത്തെ തടവിനുള്ള ശിക്ഷാവിധി നല്കുന്നതിനുള്ള പര്യാപ്തവും പ്രത്യേകവുമായ കാരണമായിരിക്കുന്നതാണ്.

(3) (1)–ാം ഉപവകുപ്പിൻകീഴിൽ ഒരു കുററത്തിന് കുററസ്ഥാപനം ചെയ്യപ്പെട്ടിട്ടുണ്ടായിരിക്കെ, ഒരാൾ, ഒരു അവശ്യസാധനം സംബന്ധിച്ചുള്ള ഉത്തരവ് ഉല്ലംഘിച്ചതിന് ആ ഉപവകുപ്പിന്റെ കീഴിൽ വീണ്ടും കുററസ്ഥാപനം ചെയ്യുന്ന കോടതി, ആ ഉപവകുപ്പിൻകീഴിൽ അയാളുടെമേൽ ചുമത്താവുന്ന ഏതെങ്കിലും ദണ്ഡനത്തിനു പുറമേ, ഉത്തരവുവഴി, അതിൽ കോടതി വിനിർദ്ദേശിക്കുന്നതും, ആറുമാസത്തിൽ കുറയാത്തതുമായ കാലത്തേയ്ക്ക്, അയാൾ, ആ അവശ്യസാധനത്തിൽ യാതൊരു ബിസിനസ്സും നടത്തിക്കൊണ്ടുപോകാൻ പാടില്ല എന്ന് നിദേശിക്കേണ്ടതാകുന്നു.

8. ശ്രമവും, പ്രേരണനല്കലും.—3-ാം വകുപ്പിൻകീഴിൽ ചെയ്യപ്പെട്ട ഏതെങ്കിലും ഉത്തരവ് ഉല്ലംഘിക്കാൻ ശ്രമിക്കുകയോ, അതിന്റെ ഉല്ലംഘനത്തിനു പ്രേരണ നല്കുകയോ ചെയ്യുന്ന ഏതെങ്കിലും ആൾ, ആ ഉത്തരവ് ഉല്ലംഘിച്ചതായി കരുതപ്പെടുന്നതാകുന്നു.

9. വ്യാജപ്രസ്താവനകൾ.—ഏതെങ്കിലും ആൾ,—

(i) 3-ാംവകുപ്പിൻകീഴിൽ ചെയ്യപ്പെട്ട ഒരുത്തരവ് തന്നോട് ഏതെങ്കിലും പ്രസ്താവനചെയ്യുവാനോ, ഏതെങ്കിലും വിവരം നല്കുവാനോ ആവശ്യപ്പെടുമ്പോൾ, ഏതെങ്കിലും സാരവത്തായ വിവരം സംബന്ധിച്ച്, വ്യാജമായതും വ്യാജമാണെന്ന് തനിക്കറിയാവുന്നതോ വിശ്വസിക്കുവാൻ ന്യായമായ കാരണമുള്ളതോ അല്ലെങ്കിൽ സത്യമാണെന്ന് താൻ വിശ്വസിക്കാത്തതോ ആയതും ആയ ഏതെങ്കിലും പ്രസ്താവന ചെയ്യുകയോ, വിവരം നല്കുകയോ; അല്ലെങ്കിൽ

(ii) അങ്ങനെയുള്ള ഏതെങ്കിലും ഉത്തരവ് തന്നോട് വച്ചുപോരാനോ നല്കുവാനോ ആവശ്യപ്പെടുന്ന ഏതെങ്കിലും ബുക്കിലോ, കണക്കിലോ, റിക്കാർഡിലോ, ഡിക്ലറേഷനിലോ, റിട്ടേണിലോ, മററു രേഖയിലോ, മുൻപറഞ്ഞത് പോലുള്ള ഏതെങ്കിലും പ്രസ്താവന ചെയ്യുകയോ;

ചെയ്യുന്നുവെങ്കിൽ അയാൾ അഞ്ചുവർഷത്തോളമാകാവുന്ന കാലത്തേയ്ക്കുള്ള തടവുശിക്ഷയോ പിഴ ശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടേണ്ടതാകുന്നു.

10. കമ്പനികളാലുള്ള കുററങ്ങൾ.—(1) (3)-ാംഉപവകുപ്പിൻകീഴിൽ ചെയ്യപ്പെടുന്ന ഉത്തരവ് ഉല്ലംഘിക്കുന്ന ആൾ കമ്പനിയാണെങ്കിൻ, കമ്പനിക്കുപുറമേ ഉല്ലംഘിച്ച സമയത്ത്, കമ്പനിയുടെ ബിസിനസ്സ് നടത്തിപ്പിന്റെ ചാർജ്ജുണ്ടായിരുന്നതും, അതിന് കമ്പനിയോട് ഉത്തരവാദിയായിരുന്നതും ആയ ഏതൊരാളും, ഉല്ലംഘനത്തിന് അപരാധിയായി കരുതപ്പെടുന്നതും, അതനുസരിച്ച് എതിരായി നടപടി എടുക്കപ്പെടുകയും, ശിക്ഷിക്കപ്പെടുകയും ചെയ്യാൻ അർഹരായിരിക്കുന്നതും ആകുന്നു:

എന്നാൽ ഈ ഉപവകുപ്പിൽ അടങ്ങിയ യാതൊന്നും, അങ്ങനെയുള്ള ഏതെങ്കിലും ആളെ, ഉല്ലംഘനം ഉണ്ടായത് തന്റെ അറിവുകൂടാതെയാണെന്നോ, അങ്ങനെയുള്ള ഉല്ലംഘനം തടയുന്നതിന് താൻ വേണ്ടത്ര ശ്രദ്ധചെലുത്തിയിരുന്നുവെന്നോ അയാൾ തെളിയിക്കുന്നുവെങ്കിൽ, ഏതെങ്കിലും ശിക്ഷയ്ക്കു അർഹനാക്കുന്നതല്ല.

(2) (1)-ാംഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്ററിന്റെ കീഴിലുള്ള ഒരു കുററം ഒരു കമ്പനി ചെയ്തിരിക്കുകയും, ആ കുററം, ആ കമ്പനിയുടെ ഏതെങ്കിലും ഡയറക്ററരുടേയോ മാനേജരുടേയോ, സെക്രട്ടറിയുടേയോ, മറേറതെങ്കിലും ഉദ്യോഗസ്ഥന്റേയോ സമ്മതത്തോടോ മൗനാനുവാദത്തോടോ കൂടി ചെയ്തിട്ടുള്ളതാണെന്നോ അല്ലെങ്കിൽ, അവരുടെ ഭാഗത്തുനിന്നുള്ള ഏതെങ്കിലും ഉപേക്ഷമൂലമാണെന്ന് കല്പിക്കപ്പെടാവുന്നതാണെന്നോ തെളിയിക്കപ്പെടുകയും ചെയ്യുന്നിടത്ത്, അങ്ങനെയുള്ള ഡയറക്ററരോ, മാനേജരോ, സെക്രട്ടറിയോ, മററ് ഉദ്യോഗസ്ഥനോ കൂടി ആ കുററത്തിന് അപരാധിയാണെന്ന് കരുതപ്പെടുന്നതും,അതനുസരിച്ച് എതിരായി നടപടിയെടുക്കപ്പെടുകയും ശിക്ഷിക്കപ്പെടുകയും ചെയ്യാൻ അർഹരായിരിക്കുന്നതും ആകുന്നു.

വിശദീകരണം.—ഈ വകുപ്പിന്റെ ആവശ്യങ്ങൾക്ക്—

(ക) "കമ്പനി" എന്നാൽ,ഏതെങ്കിലും ഏകാംഗീകൃതനികായമെന്നർത്ഥമാകുന്നതും, അതിൽ ഒരു ഫേമോ വ്യക്തികളുടെ മററ് സമാജമോ ഉൾപ്പെടുന്നതുമാകുന്നു.

(ഖ) ''ഡയറക്ററർ'' എന്നാൽ, ഒരു ഫേം സംബന്ധിച്ച്, അതിലെ പങ്കാളി എന്നർത്ഥമാകുന്നു.

10 ക. കുററങ്ങൾ കോഗ്നൈസബിളും, ജാമ്യം അനുവദിക്കേണ്ടതും ആയിരിക്കുമെന്ന്.—ക്രിമിനൽ നടപടി നിയമസംഹിത, 1973-ൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്ററിൻ കീഴിൽ ശിക്ഷിക്കപ്പെടാവുന്ന ഏതൊരു കുററവും കോഗ്നൈസബിളായിരിക്കുന്നതാണ്.

10 ഖ. ഈ ആക്ററിൻ കീഴിൽ കുററസ്ഥാപനം ചെയ്യപ്പെടുന്ന കമ്പനികളുടെ പേര് ബിസിനസ്സ് സ്ഥലം മുതലായവ പ്രസിദ്ധപ്പെടുത്താൻ കോടതിക്കുള്ള അധികാരം.—(1) ഏതെങ്കിലും കമ്പനി ഈ ആക്ററിൻ കീഴിൽ കുററസ്ഥാപനം ചെയ്യപ്പെടുന്നിടത്ത്, കമ്പനിയെ കുററസ്ഥാപനം ചെയ്യുന്ന കോടതിക്ക് കമ്പനിയുടെ പേരും ബിസിനസ് സ്ഥലവും ഉല്ലംഘനത്തിന്റെ പ്രകൃതവും,കമ്പനി അപ്രകാരം കുററസ്ഥാപനം ചെയ്യപ്പെട്ടിരിക്കുന്നു എന്നുള്ളതും, കേസ്സിന്റെ പരിതഃസ്ഥിതികളിൽ സമുചിതമെന്ന് കോടതി കരുതുന്ന മററു വിവരങ്ങളും, കോടതി നിദേശിക്കുന്ന വർത്തമാനപത്രങ്ങളിലോ കോടതി നിദേശിക്കുന്ന മററു രീതിയിലോ കമ്പനിയുടെ ചെലവിൻമേൽ പ്രസിദ്ധപ്പെടുത്തിക്കുന്നതിന് ക്ഷമത ഉണ്ടായിരിക്കുന്നതാണ്.

(2) കോടതിയുടെ ഉത്തരവിനെതിരായി, അപ്പീൽ കൊടുക്കാതെ അപ്പീൽ കൊടുക്കാനുള്ള കാലാവധി കഴിഞ്ഞിരിക്കുകയോ അല്ലെങ്കിൽ അങ്ങനെയുള്ള ഒരു അപ്പീൽ കൊടുത്ത് അത് തീർപ്പായിരിക്കുകയോ ചെയ്യുന്നതുവരെ (1)-ാം ഉപവകുപ്പിൻകീഴിലുള്ള യാതൊരു പ്രസിദ്ധപ്പെടുത്തലും ചെയ്യാൻ പാടുള്ളതല്ല.

(3) (1)-ാം ഉപവകുപ്പിൻകീഴിലെ ഏതെങ്കിലും പ്രസിദ്ധപ്പെടുത്തലിന്റെ ചെലവ്, കോടതി ചുമത്തുന്ന പിഴയായിരുന്നാലെന്നപോലെ, കമ്പനിയിൽനിന്ന് വസൂലാക്കപ്പെടാവുന്നതായിരിക്കുന്നതാണ്.

വിശദീകരണം.—ഈ വകുപ്പിന്റെ ആവശ്യങ്ങൾക്ക് 'കമ്പനി'യ്ക്ക് 10-ാം വകുപ്പിനുള്ള വിശദീകരണത്തിന്റെ (ക) ഖണ്ഡത്തിൽ അതിന് നല്കിയിട്ടുള്ള അർത്ഥം ഉണ്ടായിരിക്കുന്നതാണ്.

10 ഗ. കുററകരമായ മനഃസ്ഥിതിയുടെ അനുമാനം.—(1) പ്രതിയുടെ ഭാഗത്തുനിന്നുള്ള കുററകരമായ ഒരു മനഃസ്ഥിതി ആവശ്യമുള്ള, ഈ ആക്ററിൻ കീഴിലെ, ഏതെങ്കിലും കുററത്തിനുള്ള ഏതെങ്കിലും പ്രാസിക്യൂഷനിൽ കോടതി, അങ്ങനെയുള്ള മനഃസ്ഥിതി ഉള്ളതായി അനുമാനിക്കേണ്ടതും, എന്നാൽ ആ പ്രാസിക്യൂഷനിൽ കുററമായി ചാർജ്ജ് ചെയ്തിട്ടുള്ള കൃത്യം സംബന്ധിച്ച് തനിക്ക് അങ്ങനെയുള്ള മനഃസ്ഥിതി ഉണ്ടായിരുന്നില്ലെന്നുള്ള വസ്തുത തെളിയിക്കുന്നത് പ്രതിക്കുള്ള ഒരു പ്രതിവാദം ആയിരിക്കുന്നതും ആകുന്നു.

വിശദീകരണം.—ഈ വകുപ്പിൽ, 'കുററകരമായ മനഃസ്ഥിതി'യിൽ, ഉദ്ദേശ്യവും, പ്രേരകവും, ഒരു വസ്തുതയെക്കുറിച്ചുള്ള അറിവും, ഒരു വസ്തുതയിലുള്ള വിശ്വാസവും, അല്ലെങ്കിൽ വിശ്വസിക്കാനുള്ള കാരണവും ഉൾപ്പെടുന്നു.

(2) ഈ വകുപ്പിന്റെ ആവശ്യങ്ങൾക്ക്, ഒരു വസ്തുത തെളിയിക്കപ്പെട്ടതായി പറയുന്നത്, അത് ഉള്ളതാണെന്ന് ന്യായമായ സംശയത്തിന് അതീതമായി കോടതി വിശ്വസിക്കുമ്പോൾ മാത്രമായിരിക്കുന്നതും, അതിന്റെ അസ്തിത്വം സംഭാവ്യതയുടെ ആധിക്യത്താൽ സ്ഥാപിക്കപ്പെടുമ്പോൾ മാത്രമായിരിക്കുന്നതല്ലാത്തതും ആകുന്നു.

11. കുററങ്ങളം നടപടിക്കെടുക്കൽ. — യാതൊരു കോടതിയും ഈ ആക്ററിൻകീഴിൽ ശിക്ഷിക്കപ്പെടാവുന്ന ഏതെങ്കിലും കുററം, അങ്ങനെയുള്ള കുററം ആ കുററമാക്കിത്തീർക്കുന്ന വസ്തുതകളെപ്പററിയുള്ള ലിഖിതമായതും ഇൻഡ്യൻ ശിക്ഷാനിയമസംഹിത (1860–ലെ 45) 21–ാം വകുപ്പിലെ നിർവചന പ്രകാരമുള്ള പബ്ലിക് സർവൻറായ ഒരാൾ ചെയ്യുന്നതുമായ റിപ്പോർട്ടിൻമേല ല്ലാതെ നടപടിക്കെടുക്കാൻ പാടുള്ളതല്ല.

12. പിഴസംബന്ധിച്ച പ്രത്യേക വ്യവസ്ഥ.—ക്രിമിനൽ നടപടി നിയമ സംഹിത, 1973 (1974–ലെ 2) –ലെ 29–ാംവകുപ്പിൽ എന്തുതന്നെ അടങ്ങിയിരു ന്നാലും, ഏതെങ്കിലും മഹാനഗര മജിസ്ട്രേററോ, സ്റേററ് ഗവൺമെൻറ് അതിലേയ്ക്ക് പ്രത്യേകമായി അധികാരപ്പെടുത്തിയ ഏതെങ്കിലും ഒന്നാംക്ലാസ് ജുഡീഷ്യൽ മജിസ്ട്രേററോ 3–ാംവകുപ്പിൻകീഴിൽ ചെയ്ത ഏതെങ്കിലും ഉത്തര വിൻെറ ഉല്ലംഘനത്തിന് കുററസ്ഥാപനം ചെയ്യപ്പെട്ട ഏതെങ്കിലും ആൾക്ക് അയ്യായിരം രൂപയിൽ കവിഞ്ഞ പിഴക്കുള്ള ശിക്ഷാവിധി പാസ്സാക്കുന്നത് നിയമാനുസൃതമായിരിക്കുന്നതാണ്.

12 ക. സമ്മറിയായി വിചാരണ ചെയ്യുവാനുള്ള അധികാരം.—(1) (2)–ാം ഉപവകുപ്പ് (ക) ഖണ്ഡത്തിൽ പരാമർശിച്ച അവശ്യസാധനമല്ലാത്ത ഏതെ ങ്കിലും അവശ്യസാധനത്തിൻെറ ഉത്പാദനത്തിൻേറയോ, സംഭരണത്തിൻേറയോ, വിതരണത്തിൻേറയോ, വ്യാപാരത്തിൻേറയോ, വാണിജ്യത്തിൻേറയോ താത്പര്യ ങ്ങൾക്കായും മററ് പ്രസക്ത പരിഗണനകളുടെ താത്പര്യങ്ങൾക്കായും, അങ്ങ നെയുള്ള അവശ്യസാധനം സംബന്ധിച്ച് 3–ാംവകുപ്പിൻകീഴിൽ ചെയ്യപ്പെട്ട ഏതെങ്കിലും ഉത്തരവിൻെറ ഉല്ലംഘനം സമ്മറിയായി വിചാരണ ചെയ്യേണ്ടത് ആവശ്യകമായ ഒരു സ്ഥിതി ഉത്ഭവിച്ചിരിക്കുന്നുവെന്ന് കേന്ദ്രഗവൺ മെൻറിന്അഭിപ്രായമുണ്ടെങ്കിൽ, അതിന്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി, അങ്ങനെയുള്ള ഉത്തരവ് ഈ വകുപ്പിൻകീഴിലുള്ള സമ്മറി വിചാരണയുടെ ആവശ്യങ്ങൾക്ക് പ്രത്യേക വിജ്ഞാപനം വിനിർദ്ദേശിക്കാവുന്നതും, അങ്ങനെ യുള്ള ഏതൊരു വിജ്ഞാപനവും, അത് പുറപ്പെടുവിച്ചതിനുശേഷം കഴിയു ന്നത്രവേഗം പാർലമെൻറിൻെറ ഇരു സഭകളുടേയും മുമ്പാകെ വയ്ക്കേണ്ടതും ആകുന്നു:

എന്നാൽ—

(ക) അവശ്യസാധന (ഭേദഗതി) ആക്ററ്, 1971–ൻെറ പ്രാരംഭത്തിനു ശേഷം പുറപ്പെടുവിക്കുന്ന, അങ്ങനെയുള്ള ഏതൊരു വിജ്ഞാപനവും ഔദ്യോ ഗിക ഗസററിൽ അങ്ങനെയുള്ള വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയതിനു ശേഷം രണ്ടുവർഷം അവസാനിക്കുമ്പോൾ, അതിന് മുമ്പ് റദ്ദാക്കപ്പെടാത്ത പക്ഷം, പ്രവർത്തനരഹിതമാകുന്നതാണ്.

(ഖ) അങ്ങനെയുള്ള പ്രാരംഭത്തിന് തൊട്ടുമുമ്പ് പ്രാബല്യത്തിലിരി ക്കുന്ന അങ്ങനെയുള്ള ഏതൊരു വിജ്ഞാപനവും, അങ്ങനെയുള്ള പ്രാരംഭത്തി നുശേഷം രണ്ടുവർഷം അവസാനിക്കുമ്പോൾ, അതിനുമുമ്പ് റദ്ദാക്കപ്പെടാത്ത പക്ഷം, പ്രവർത്തനരഹിതമാകുന്നതാണ്:

എന്നുമാത്രമല്ല, മുൻപറഞ്ഞ പരിമിതി വ്യവസ്ഥയിലെ യാതൊന്നും, അങ്ങ നെയുള്ള ഏതെങ്കിലും വിജ്ഞാപനത്തിൽ വിനിർദ്ദേശിച്ച ഒരു പ്രത്യേക ഉത്തര വിൻെറ ഉല്ലംഘനത്തെ സംബന്ധിച്ച ഏതെങ്കിലും കേസ്സിനെ, ആ വിജ്ഞാ പനം റദ്ദാക്കപ്പെടുന്നതിനോ പ്രവർത്തനരഹിതമാകുന്നതിനോ മുമ്പ് സമ്മറി വിചാരണവഴിയുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടെങ്കിൽ ബാധിക്കുന്നതല്ലാ ത്തതും, ഈ വകുപ്പിലെ വ്യവസ്ഥകൾ, ആ വിജ്ഞാപനം റദ്ദുചെയ്യപ്പെട്ടിട്ടു ണ്ടായിരുന്നില്ലെങ്കിൽ എന്നപോലെയോ പ്രവർത്തനരഹിതമായിട്ടുണ്ടായിരുന്നി ല്ലെങ്കിൽ എന്നപോലെയോ ആ കേസ്സിന് തുടർന്ന് ബാധകമാകുന്നതാണ്.

(2) ക്രിമിനൽ നടപടി നിയമസംഹിത, 1973 (1974-ലെ 2)-ൽ എന്തു തന്നെഅടങ്ങിയിരുന്നാലും,—

(ക) 3-ാംവകുപ്പിൻകീഴിൽ—

(i) പരുത്തിത്തുണിത്തരങ്ങളോ കമ്പിളിത്തുണിത്തരങ്ങളോ;

(ii) ഭക്ഷിക്കാവുന്ന എണ്ണക്കുരുക്കളും എണ്ണകളും ഉൾപ്പെടെയുള്ള ഭക്ഷണപദാർത്ഥങ്ങളോ;

(iii) മരുന്നുകളോ;

സംബന്ധിച്ച് 3-ാംവകുപ്പിൻകീഴിൽ ചെയ്തിട്ടുള്ള ഒരു ഉത്തരവിൻെറ ഉല്ലംഘനവും;

(ഖ) ഒരു പ്രത്യേക ഉത്തരവ് സംബന്ധിച്ച് (1)-ാംഉപവകുപ്പിൻ കീഴിൽ പുറപ്പെടുവിച്ചിട്ടുള്ള ഏതെങ്കിലും വിജ്ഞാപനം പ്രാബല്യത്തിലിരിക്കുന്നിടത്ത്, അങ്ങനെയുള്ള പ്രത്യേക ഉത്തരവിൻെറ ഉല്ലംഘനവും,

സംബന്ധിച്ചുള്ള എല്ലാം കുററങ്ങളും സ്റേററ്ഗവൺമെൻറ്, ഇതിലേക്ക് പ്രത്യേകമായി അധികാരപ്പെടുത്തിയിട്ടുള്ള ഒരു ഒന്നാംക്ലാസ്സ് ജുഡീഷ്യൽ മജിസ്ട്രേററിനാലോ ഒരു മഹാനഗര മജിസ്ട്രേററിനാലോ സമ്മറിയായി വിചാരണ ചെയ്യപ്പെടേണ്ടതും, അങ്ങനെയുള്ള വിചാരണയ്ക്ക് മുൻപറഞ്ഞ നിയമ സംഹിതയിലെ 262 മുതൽ 265 വരെ (രണ്ടും ഉൾപ്പെടെ) യുള്ള വകുപ്പുകളിലെ വ്യവസ്ഥകൾ, ആകാവുന്നിടത്തോളം, ബാധകമായിരിക്കുന്നതും ആകുന്നു:

എന്നാൽ ഈ വകുപ്പിൻകീഴിലെ ഒരു സമ്മറി വിചാരണയുടെ സംഗതിയിൽ, മജിസ്ട്രേററ് ഒരു വർഷത്തിൽ കവിയാത്തകാലത്തെ തടവിനുള്ള ശിക്ഷാവിധി പാസ്സാക്കുന്നത് നിയമാനുസൃതമായിരിക്കുന്നതാണ്:

എന്നുമാത്രമല്ല, ഈ വകുപ്പിൻകീഴിലെ ഒരു സമ്മറി വിചാരണയുടെ പ്രാരംഭത്തിലോ, ഇടയിലോ കേസ്സിൻെറ പ്രകൃതം, ഒരു വർഷത്തിൽ കവിഞ്ഞ കാലത്തെ തടവിനുള്ള ശിക്ഷാവിധി പാസ്സാക്കേണ്ടതായി വന്നേക്കാമെന്നുള്ളതാണെന്നോ, അല്ലെങ്കിൽ മറേറതെങ്കിലും കാരണത്താൽ കേസ് സമ്മറിയായി വിചാരണ ചെയ്യുന്നത് അനാശാസ്യമാണെന്നോ മജിസ്ട്രേററിന് തോന്നുമ്പോൾ, അദ്ദേഹം കക്ഷികൾക്ക് പറയാനുള്ളത് കേട്ടതിനുശേഷം, ആ അർത്ഥത്തിലുള്ള ഒരു ഉത്തരവ് റിക്കാർഡാക്കുകയും അതിനുശേഷം വിസ്തരിച്ചുകഴിഞ്ഞിരിക്കാവുന്ന ഏതെങ്കിലും സാക്ഷിയെ തിരിയെ വിളിക്കുകയും കേസ് മുൻപറഞ്ഞ നിയമസംഹിത വ്യവസ്ഥ ചെയ്യുന്ന രീതിയിൽ കേൾക്കുകയോ വീണ്ടും കേൾക്കുകയോ ചെയ്യാനുള്ള നടപടി തുടരുകയും ചെയ്യേണ്ടതാകുന്നു.

(3) ക്രിമിനൽ നടപടി നിയമസംഹിത, 1973(1974-ലെ 2)-ൽ വിപരീതമായി എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ വകുപ്പിൻ കീഴിൽ സമ്മറിയായി വിചാരണ ചെയ്യപ്പെടുന്നതും മജിസ്ട്രേററ് ഒരു മാസത്തിൽ കവിയാത്ത തടവിനും രണ്ടായിരം രൂപയിൽ കവിയാത്ത പിഴയ്ക്കും, ഉള്ള ശിക്ഷാവിധി പാസ്സാക്കുന്നതുമായ ഏതെങ്കിലും കേസ്സിൽ, അങ്ങനെയുള്ള ശിക്ഷാവിധിക്ക് പുറമേ വസ്തു കണ്ടുകെട്ടുന്നതിനുള്ള ഏതെങ്കിലും ഉത്തരവോ, മുൻപറഞ്ഞ നിയമസംഹിതയിലെ 452-ാംവകുപ്പിൻകീഴിലുള്ള ഒരു ഉത്തരവോ ചെയ്താലും ഇല്ലെങ്കിലും കുററസ്ഥാപനം ചെയ്യപ്പെട്ട ആൾക്ക് അപ്പീലുണ്ടായിരിക്കുന്നതല്ലാത്തതും, എന്നാൽ മജിസ്ട്രേററ് മുൻപറഞ്ഞ പരിധികളിൽ കവിഞ്ഞുള്ള ഏതെങ്കിലും ശിക്ഷാവിധി പാസ്സാക്കുന്നിടത്ത്, അപ്പീൽ ഉണ്ടായിരിക്കുന്നതുമാകുന്നു.

(4) (2)–ാം ഉപവകുപ്പ് (ക) ഖണ്ഡത്തിൽ പരാമർശിച്ചതും ഒരു പ്രത്യേക ഉത്തരവല്ലാത്തതുമായ ഒരു ഉത്തരവിന്റെ ഉല്ലംഘനം സംബന്ധിച്ചതും അവശ്യസാധന (ഭേദഗതി) ആക്റ്റ്, 1974–ന്റെ പ്രാരംഭത്തിന് തൊട്ടുമുമ്പ് ഒരു മജിസ്ട്രേററിന്റെ മുമ്പാകെ നിലവിലിരിക്കുന്നതുമായ എല്ലാ കേസ്സുകളും, ഒരു പ്രത്യേക ഉത്തരവുസംബന്ധിച്ച് (1)–ാം ഉപവകുപ്പിൻകീഴിൽ ഏതെങ്കിലും വിജ്ഞാപനം പുറപ്പെടുവിക്കുന്നിടത്ത്, അങ്ങനെയുള്ള പ്രത്യേക ഉത്തരവിന്റെ ഉല്ലംഘനം സംബന്ധിച്ചതും അങ്ങനെയുള്ള വിജ്ഞാപനം പുറപ്പെടുവിച്ച തീയതിക്ക് തൊട്ടുമുൻപ് ഒരു മജിസ്ട്രേററിന്റെ മുമ്പാകെ നിലവിലിരിക്കുന്നതുമായ എല്ലാ കേസ്സുകളും, അതതു സംഗതിപോലെ, അങ്ങനെയുള്ള പ്രാരംഭത്തിന്നോ മുൻപറഞ്ഞ തീയതിക്കോ മുമ്പായി യാതൊരു സാക്ഷിയേയും വിസ്തരിച്ചിട്ടില്ലെങ്കിൽ, ഈ വകുപ്പിൻകീഴിൽ സമ്മറിയായി വിചാരണ ചെയ്യപ്പെടാവുന്നതും, അങ്ങനെയുള്ള ഏതെങ്കിലും കേസ് ഈ വകുപ്പിൻകീഴിൽ അത് സമ്മറിയായി വിചാരണ ചെയ്യാൻ ക്ഷമതയില്ലാത്ത ഒരു മജിസ്ട്രേററ് മുമ്പാകെ നിലവിലിരിക്കുകയാണെങ്കിൽ, അപ്രകാരം ക്ഷമതയുള്ള ഒരു മജിസ്ട്രേററിനു അയച്ചുകൊടുക്കേണ്ടതും ആകുന്നു.

12 ഖ. സിവിൽകോടതികൾ ഇൻജങ്ഷനും മററും നല്കുന്നത്.—യാതൊരു കോടതിയും കേന്ദ്രഗവൺമെൻറിനോ, ഏതെങ്കിലും സ്റേററു ഗവൺമെൻറിനോ ഒരു പബ്ലിക് ഉദ്യോഗസ്ഥനോ എതിരായി, അങ്ങനെയുള്ള ഗവൺമെൻറോ തന്റെ ഔദ്യോഗിക നിലയിൽ അങ്ങനെയുള്ള ഉദ്യോഗസ്ഥനോ ഈ ആക്ററിൻകീഴിലോ അതിൻകീഴിൽ ചെയ്ത ഏതെങ്കിലും ഉത്തരവിൻകീഴിലോ ചെയ്തതോ ചെയ്തതായി കരുതപ്പെടാവുന്നതോ ആയ ഏതെങ്കിലും കൃത്യം സംബന്ധിച്ച്, ഒരു ഇൻജങ്ഷൻ നല്കുകയോ മറെറതെങ്കിലും നിവൃത്തിക്കുള്ള ഉത്തരവ് ചെയ്യുകയോ, അങ്ങനെയുള്ള ഇൻജങ്ഷനോ മററു നിവൃത്തിക്കോ ഉള്ള അപേക്ഷയെക്കുറിച്ച് അങ്ങനെയുള്ള ഗവൺമെൻറിനോ ഉദ്യോഗസ്ഥനോ നോട്ടീസ് കൊടുത്തതിന് ശേഷമല്ലാതെ, ചെയ്യാൻ പാടുള്ളതല്ല.

13. ഉത്തരവുകളെക്കുറിച്ചുള്ള അനുമാനം.—ഒരു ഉത്തരവ്, ഒരു അധികാരസ്ഥാനം ഈ ആക്ററിനാലോ ആക്ററിൻകീഴിലോ നല്കപ്പെട്ട ഏതെങ്കിലും അധികാരത്തിന്റെ പ്രയോഗത്തിൽ ചെയ്തതും ഒപ്പുവച്ചതും ആണെന്ന് കരുതപ്പെടുന്നിടത്ത്, കോടതി അങ്ങനെയുള്ള ഉത്തരവ്, ആ അധികാരസ്ഥാനം അപ്രകാരം ചെയ്തതാണെന്ന് ഇൻഡ്യൻ തെളിവ് ആക്ററ്, 1872–ന്റെ (1872–ലെ 1) അർത്ഥത്തിൽ അനുമാനിക്കേണ്ടതാകുന്നു.

14. ചില കേസ്സുകളിൽ തെളിയിക്കേണ്ട ഭാരം.—ഒരാളെ, അയാൾ ഏതെങ്കിലും കൃത്യം ചെയ്യുന്നതിൽനിന്നോ, ഒരു സാധനം നിയമാനുസൃതമായ പ്രാധികാരം കൂടാതെയോ, പെർമിററോ, ലൈസൻസോ, മററു രേഖയോ കൂടാതെയോ കൈവശം വയ്ക്കുന്നതിൽനിന്നോ നിരോധിക്കുന്നതും 3–ാം വകുപ്പിൻകീഴിൽ ചെയ്യപ്പെട്ടതുമായ ഏതെങ്കിലും ഉത്തരവ് ഉല്ലംഘിച്ചതിന് പ്രാസിക്യൂട്ട് ചെയ്യുന്നിടത്ത്, തനിക്കു അങ്ങനെയുള്ള പ്രാധികാരമോ, പെർമിററോ, ലൈസൻസോ, മററ് രേഖയോ ഉണ്ടെന്ന് തെളിയിക്കേണ്ട ഭാരം അയാൾക്കായിരിക്കുന്നതാണ്.

15. ആക്ററിൻകീഴിലെടുക്കപ്പെട്ട നടപടിക്കുള്ള രക്ഷണം.—(1) 3–ാം വകുപ്പിൻകീഴിൽ ചെയ്യപ്പെട്ട ഏതെങ്കിലും ഉത്തരവിന് അനുസൃതമായി ഏതെങ്കിലും, ആൾ ഉത്തമവിശ്വാസപൂർവം ചെയ്യുന്നതോ ചെയ്യുവാൻ ഉദ്ദേശിക്കുന്നതോ ആയ യാതൊന്നിനും, അയാൾക്ക് എതിരായി വ്യവഹാരമോ പ്രാസിക്യൂഷനോ, മററ് നിയമ നടപടിയോ ഉണ്ടായിരിക്കുന്നതല്ല.

(2) 3-ാം വകുപ്പിൻകീഴിൽ ചെയ്യപ്പെട്ട ഏതെങ്കിലും ഉത്തരവിന് അനുസൃതമായി, ഗവൺമെൻറ് ഉത്തമ വിശ്വാസപൂർവം ചെയ്യുന്നതോ ചെയ്യുവാൻ ഉദ്ദേശിക്കുന്നതോ ആയ ഏതെങ്കിലും സംഭവിക്കുന്നതോ സംഭവിക്കാനിടയുള്ളതോ ആയ ഏതെങ്കിലും നാശനഷ്ടത്തിന് ഗവൺമെൻറിന് എതിരായി വ്യവഹാരമോ, മററ് നിയമനടപടിയോ ഉണ്ടായിരിക്കുന്നതല്ല.

16. റദ്ദാക്കലും, ഒഴിവാക്കലും.—(1) താഴെപറയുന്ന നിയമങ്ങൾ ഇതിനാൽ റദ്ദാക്കപ്പെട്ടിരിക്കുന്നു.—

(ക) അവശ്യസാധനങ്ങൾ ആർഡിനൻസ്, 1955 (1955-ലെ 1);

(ഖ) ഈ ആക്ററിൻെറ പ്രാരംഭത്തിന് തൊട്ടുമുൻപ് ഏതെങ്കിലും സ്റേററിൽ പ്രാബല്യത്തിലിരുന്ന മററ് ഏതെങ്കിലും നിയമം, ഏതെങ്കിലും അവശ്യസാധനത്തിൻെറ ഉത്പാദനമോ, സംഭരണമോ, വിതരണമോ, വ്യാപാരമോ വാണിജ്യമോ നിയന്ത്രിക്കുകയോ നിയന്ത്രിക്കാൻ പ്രാധികാരം നല്കുകയോ, ചെയ്യുന്നിടത്തോളം, അങ്ങനെയുള്ള നിയമം.

(2) അങ്ങനെ റദ്ദാക്കപ്പെട്ടിരുന്നാലും, ഇതിനാൽ റദ്ദാക്കപ്പെടുന്ന ഏതെങ്കിലും നിയമത്തിൻകീഴിൽ, ഏതെങ്കിലും അധികാരസ്ഥാനം ചെയ്യുന്നതോ, ചെയ്തതായി കരുതപ്പെടുന്നതോ ആയതും, ഈ ആക്ററിൻെറ പ്രാരംഭത്തിന് തൊട്ടുമുൻപ് പ്രാബല്യത്തിലിരുന്നതുമായ ഏതെങ്കിലും ഉത്തരവ്, അങ്ങനെയുള്ള ഉത്തരവ് ഈ ആക്ററിൻകീഴിൽ ചെയ്യാവുന്നിടത്തോളം, ഈ ആക്ററിൻ കീഴിൽ ചെയ്യപ്പെടുന്നതായി കരുതപ്പെടുന്നതും, പ്രാബല്യത്തിൽ തുടരുന്നതും, അതനുസരിച്ച് അങ്ങനെയുള്ള പ്രാരംഭത്തിന് തൊട്ടുമുൻപ് പ്രാബല്യത്തിലിരുന്നതും അങ്ങനെയുള്ള ഏതെങ്കിലും ഉത്തരവിൻകീഴിൽ ചെയ്തതുമായ ഏതെങ്കിലും നിയമനം, അല്ലെങ്കിൽ നല്കപ്പെട്ടതുമായ ഏതെങ്കിലും ലൈസൻസ് അല്ലെങ്കിൽ പെർമിററ് അല്ലെങ്കിൽ പുറപ്പെടുവിക്കപ്പെട്ട ഏതെങ്കിലും നിദേശം, അത്, ഈ ആക്ററിൻെറ കീഴിൽ ചെയ്ത ഏതെങ്കിലും നിയമനത്താലോ, നല്കിയ ഏതെങ്കിലും ലൈസൻസിനാലോ പെർമിററിനാലോ, പുറപ്പെടുവിക്കപ്പെട്ട ഏതെങ്കിലും നിദേശത്താലോ അതിലംഘിക്കപ്പെടുന്നതുവരേയും അതിലംഘിക്കപ്പെടാത്തപക്ഷവും, പ്രാബല്യത്തിൽ തുടരുന്നതും ആകുന്നു.

(3) (2)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ, സാമാന്യ ഖണ്ഡങ്ങൾ ആക്ററ്, 1897 (1897-ലെ 10) 6-ാം വകുപ്പിൽ അടങ്ങിയ വ്യവസ്ഥകൾക്ക് ഭംഗംവരാത്തവിധമായിരിക്കുന്നതും, ആ 6-ാം വകുപ്പിലെ വ്യവസ്ഥകൾ (1)-ാം ഉപവകുപ്പിൽ പരാമർശിക്കപ്പെട്ട ആർഡിനൻസോ മററ് നിയമമോ ഒരു അധിനിയമമായിരുന്നെങ്കിലെന്നപോലെ, അങ്ങനെയുള്ള ആർഡിനൻസിൻേറയോ മററ് നിയമത്തിൻേറയോ റദ്ദാക്കലിനുകൂടി ബാധകമാകുന്നതുമാണ്.